# സന്ദേഹ നിവാരണം

ശൈഖ് മുഹമ്മദ്ബ്ൻ സുലൈമാൻ അത്തമീമി

വിവ :

മുഹമ്മദ് കൊടിയത്തൂർ

ഇസ്‌ലാമിക് ഇൻഫർമേഷൻ സെൻറർ

ദുബൈ

ഖുർആൻ-ഹദീസ് വചനങ്ങളടങ്ങുന്നതിനാൽ
ഈ കൃതി ആദരവോടെ കൈകാര്യം ചെയ്യുക.

(Malayalam)

***'SANDEHA NIVAARANAM'***

| | | |
|---|---|---|
| Author | : | Shaik Muhammed bin Sulaiman Athameemi |
| Translator | : | Muhammed Kodiyathur |
| Publishers | : | Islamic Information Centre<br>P. O. Box : 25020, Karama, Dubai, U. A. E.<br>Tel. : 04-3962190, Fax : 04-3962193 |
| Printed at | : | Ajmal Printing Press, Sharjah, Tel. : 06-5326558 |
| First Published | : | 1996 |
| Third Edition | : | 2000 July |
| Cover | : | Salam |

(Rights Reserved)

MK/15/96/3000+97/2000 (CLT)+000/2000

മനുഷ്യജീവിതത്തിൻെറ അടിസ്ഥാനാദർശമാവേണ്ടത് ഏകദൈവ വിശ്വാസമാണ്. അല്ലാഹു പ്രവാചകന്മാരെ നിയോഗിച്ചതും വേദഗ്രന്ഥങ്ങൾ അവതരിപ്പിച്ചതുമെല്ലാം മുഖ്യമായും ഏകദൈവ വിശ്വാസത്തിൻെറ പ്രബോധനാർത്ഥമായിരുന്നു.

എന്നാൽ, പ്രവാചകന്മാർ പ്രബോധനം ചെയ്ത യഥാർത്ഥ ഏകദൈവ വിശ്വാസത്തിൽ നിന്ന് ജനങ്ങൾ വഴിതെറ്റിപ്പോയി. എക്കാലത്തും മനുഷ്യസമൂഹത്തിൽ സംഭവിച്ച പാളിച്ചയാണിത്. പുതിയ പ്രവാചകന്മാരെ നിയോഗിച്ചുകൊണ്ട് അല്ലാഹു തൗഹീദിൻെറ സന്ദേശം പുനരുജ്ജീവിപ്പിച്ചുകൊണ്ടേയിരുന്നു.

വിശുദ്ധ ഖുർആനും നബിചര്യയും കൈമുതലായുള്ള മുഹമ്മദ് നബി(സ)യുടെ സമുദായത്തിന് പുതിയൊരു പ്രവാചകത്വത്തിൻെറ ആവശ്യമില്ല. അത്രയ്ക്ക് സമ്പൂർണ്ണവും സമഗ്രവുമാണവ. എന്നിട്ടും അജ്ഞരായ മുസ്ലിംകളിൽ ഏകദൈവത്വത്തെക്കുറിച്ച സന്ദേഹങ്ങൾ നിലനിൽക്കുകയാണിന്നും!

അത്തരം സന്ദേഹങ്ങളുടെ നിവാരണമാണ് ഈ കൃതിയുടെ ലക്ഷ്യം. പ്രവാചകന്മാർ പ്രബോധനം ചെയ്ത സുന്ദരമായ തൗഹീദിൻെറ മുഖം ജനമനസ്സുകൾക്കുമുമ്പിൽ തുറന്നുകാണിക്കുക; അതുവഴി അല്ലാഹുവിൻെറ ദാസന്മാർക്ക് സത്യത്തിൻെറ പാതയിലേക്ക് വഴികാണിക്കുക. ഈ ലക്ഷ്യം സഫലമാക്കാൻ അല്ലാഹു സഹായിക്കട്ടെ. ചില തിരുത്തലുകളോടെയുള്ള പുതിയ പതിപ്പാണിത്. വീഴ്ചകൾ അല്ലാഹു പൊറുത്തുതരട്ടെ. ഇതൊരു സൽകർമ്മമായി അവൻ സ്വീകരിക്കട്ടെ. ആമീൻ!.

-വിവർത്തകൻ

# 1

## 'ഇബാദത്തി'ലെ തൗഹീദ് സ്ഥാപിക്കുകയാണ് പ്രവാചകന്മാരുടെ പ്രഥമ ലക്ഷ്യം.

*(അറിയുക, അല്ലാഹു താങ്കളെ അനുഗ്രഹിക്കട്ടെ.)*

'ഇബാദത്ത്' അല്ലാഹുവിന്ന് മാത്രമായി പരിമിതപ്പെടുത്തുന്നതിന്നാണ് *'തൗഹീദ്'* എന്നുപറയുന്നത്. അല്ലാഹു തൻെറ അടിമകളിലേക്കയച്ച എല്ലാ ദൂതന്മാരുടേയും മതം ഈ *തൗഹീദാ*യിരുന്നു. വദ്ദ്, സുവാഅ്, യഗൂഥ്, നസ്ർ തുടങ്ങിയ സജ്ജനങ്ങളുടെ കാര്യത്തിൽ പരിധിവിട്ടുപോയ ജനതയിലേക്ക് അല്ലാഹു നിയോഗിച്ച നൂഹ് നബി(അ) ആണ് *പ്രഥമ ദൈവദൂതൻ.*[1] മുഹമ്മദ് നബി(സ) യാണ് ഏറ്റവും അവസാനത്തെ ദൈവദൂതൻ. വദ്ദ്, സുവാഅ്, തുടങ്ങിയ സജ്ജനങ്ങളുടെ പേരിലുള്ള വിഗ്രഹങ്ങളെ അദ്ദേഹം തട്ടിത്തകർത്തു. അല്ലാഹുവിനെ ധാരാളമായി ഓർക്കുകയും ദാനധർമ്മങ്ങൾ നിർവ്വഹിക്കുകയും ഹജ്ജ് ചെയ്യുകയും ആരാധനകളിലേർപ്പെടുകയുമൊക്കെ ചെയ്തിരുന്ന ഒരു ജനതയിലേക്കായിരുന്നു അല്ലാഹു മുഹമ്മദ് നബി(സ)യെ നിയോഗിച്ചത്. പക്ഷേ, അതോടൊപ്പംതന്നെ അവർ ചില സൃഷ്ടികളെ അല്ലാഹുവിലേക്ക് മധ്യവർത്തികളാക്കിയിരുന്നുവെന്നതായിരുന്നു അവരുടെ ദോഷം. ഈസാ നബി, മർയംബീവി തുടങ്ങിയ പല സജ്ജനങ്ങളേയും, മലക്കുകളേയും അവർ അല്ലാഹുവിലേക്കുള്ള മധ്യവർത്തികളാക്കി. അവർ (ആ മധ്യവർത്തികൾ) തങ്ങളെ അല്ലാഹുവിലേക്കടുപ്പിക്കുകയും തങ്ങൾക്കുവേണ്ടി അവൻെറ പക്കൽ ശുപാർശ നിർവ്വഹിക്കുകയും ചെയ്യുമെന്ന ധാരണയായിരുന്നു അതിന്നുപിന്നിൽ.

ഈ സന്ദർഭത്തിലാണ് തങ്ങളുടെ ആദർശപിതാവായ ഇബ്റാഹീം നബിയുടെ സത്യമതം അവർക്കു വീണ്ടും പഠിപ്പിച്ചുകൊടുക്കാനും, അല്ലാഹുവിലേക്കടുപ്പിക്കാനെന്നപേരിൽ അവർ വിശ്വസിക്കുന്നതും പ്രവർത്തിക്കുന്നതുമായ കാര്യങ്ങൾ തെറ്റാണെന്നും അ

1) ഒരു ജനതയിലേക്ക് നിയോഗിക്കപ്പെട്ട പ്രഥമ 'റസൂൽ'. -വിവ:

ല്ലാഹുവിലേക്കുള്ള സാമീപ്യത്തിനെന്ന പേരിൽ അവർ നിർവ്വഹിക്കുന്ന കാര്യങ്ങൾ അല്ലാഹുവിനോടേറ്റവുമടുത്ത മലക്കിനോടോ അല്ലാഹു നിയോഗിച്ച ദൂതനോടോ പോലും നിർവ്വഹിക്കാൻ പാടില്ലാത്തതാണെന്നും അവരെ ഉൽബോധിപ്പിക്കാൻ വേണ്ടിയുമായിരുന്നു അല്ലാഹു മുഹമ്മദ് നബി(സ)യെ നിയോഗിച്ചത്. എന്നാൽ, സ്രഷ്ടാവും അന്നദാതാവും ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും കാര്യങ്ങൾ നിയന്ത്രിച്ചുകൊണ്ടിരിക്കുന്നവനുമെല്ലാം അല്ലാഹുവാണെന്നും ആകാശഭൂമികളും അവയിലുള്ള അഖില വസ്തുക്കളും അല്ലാഹുവിൻെറ അടിമകളാണെന്നും അടിയുറച്ചുവിശ്വസിക്കുന്നവരായിരുന്നു ആ ബഹുദൈവ വിശ്വാസികൾ.

**2**

**നബി(സ)യുദ്ധം ചെയ്ത മക്കാമുശ്രിക്കുകൾ രക്ഷാകർതൃത്വത്തിലുള്ള അല്ലാഹുവിൻെറ ഏകത്വം അംഗീകരിച്ചിരുന്നു. പക്ഷേ, അല്ലാഹുവിന്നുള്ള ആരാധനയിൽ അവർ മറ്റുള്ളവരെ പങ്കുചേർത്തിരുന്നു!.**

● റസൂൽ തിരുമേനി(സ) യുദ്ധം ചെയ്ത 'മുശ്രിക്കു'കൾ, *തൗഹീദുർ-റുബൂബിയ്യത്ത്* (രക്ഷാകർതൃത്വത്തിലുള്ള അല്ലാഹുവിൻെറ ഏകത്വം) അംഗീകരിക്കുന്നവരായിരുന്നുവെന്നതിന്ന് ധാരാളം തെളിവുകളുണ്ട്. അല്ലാഹു പറയുന്നത് നോക്കുക:

﴿قل من يرزقكم من السَماء والأرض أمَن يَملك السَمع والأبصار ومن يَخرج الحيَ من الميَت و يخرج الميَت من الحيَ ومن يَدبر الأمر فسيقولون الله فقل أفلا تتقون﴾

*"പറയുക: ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നതാരാണ്?. അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നതാരാണ്?. ജീവനില്ലാത്തതിൽ നിന്ന് ജീവനുള്ളതും ജീവനുള്ളതിൽ നിന്ന് ജീവനില്ലാത്തതും പുറപ്പെടുവിക്കുന്നതും ആരാണ്?. കാര്യങ്ങൾ നിയന്ത്രിക്കുന്നതും ആരാണ്? അവർ പറയും : അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നി*

*ങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?.* (വി. ഖു. 10/31)

﴿ قل لمن الأرض ومن فيها إن كنتم تعلمون. سيقولون لله قل أفلا تذكرون.قل من رب السموات السبع ورب العرش العظيم. سيقولون لله قل أفلا تتقون. قل من بيده ملكوت كل شيئ وهو يجير ولا يجار عليه إن كنتم تعلمــــون. سيقولون لله قل فأنى تسحرون. ﴾

*"നബിയേ, ചോദിക്കുക: ഭൂമിയും അതിലുള്ളതും ആരുടേതാണ്; നിങ്ങൾക്കറിയാമെങ്കിൽ (പറയൂ)?. അവർ പറയും: അല്ലാഹുവിൻേറതാണെന്ന്.' നീ പറയുക : എന്നാൽ നിങ്ങൾ ആലോചിച്ചു മനസ്സിലാക്കുന്നില്ലേ?. നീ ചോദിക്കുക : ഏഴ് ആകാശങ്ങളുടെ രക്ഷിതാവും മഹത്തായ സിംഹാസനത്തിൻെറ രക്ഷിതാവും ആരാകുന്നു? അവർ പറയും: അല്ലാഹുവിനാകുന്നു (രക്ഷാകർതൃത്വം). നീ പറയുക: എന്നാൽ നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?. നീ ചോദിക്കുക : എല്ലാ വസ്തുക്കളുടേയും ആധിപത്യം ഒരുവൻെറ കൈവശത്തിലാണ്. അവൻ അഭയം നൽകുന്നു. അവന്നെതിരായി (എവിടെനിന്നും) അഭയം ലഭിക്കുന്നില്ല. അങ്ങനെയുള്ളവൻ ആരാണ്?. നിങ്ങൾക്കറിയാമെങ്കിൽ പറയൂ'; അവർ പറയും: (അതെല്ലാം) അല്ലാഹുവിന്നുള്ളതാണ്." നീ ചോദിക്കുക: പിന്നെ എങ്ങനെയാണ് നിങ്ങൾ മായാവലയത്തിൽ പെട്ടുപോകുന്നത്?."* (വി. ഖു. 23/84-89)

ഇതുപോലെ വേറെയും സൂക്തങ്ങളുണ്ട്.

● അവർ (മക്കയിലേയും മറ്റും മുശ്രിക്കുകൾ) *തൗഹീദുർ-റുബൂബിയ്യത്ത്* (രക്ഷാകർത്താവ് അല്ലാഹു മാത്രമാണെന്നകാര്യം) അംഗീകരിച്ചിരുന്നുവെന്നും ആ വിശ്വാസം കൊണ്ടുമാത്രം അവർക്ക് മുഹമ്മദ് നബിതിരുമേനി പ്രബോധനം ചെയ്ത ഏകദൈവ വിശ്വാസത്തിൽ എത്തിച്ചേരാൻ സാധിച്ചിരുന്നില്ലെന്നും, അവർ നിഷേധിച്ചിരുന്ന തൗഹീദ്, ഇക്കാലത്തെ 'മുശ്രിക്കുകൾ' *വിശ്വാസം* എന്നു നാമകരണം ചെയ്തിട്ടുള്ള ഇബാദത്തിലെ തൗഹീദായിരുന്നുവെന്നും ഈ വചനങ്ങൾ മനസ്സിലാക്കിത്തരുന്നു.

അവർ രാപ്പകലില്ലാതെ അല്ലാഹുവിനോട് പ്രാർത്ഥിക്കാ

റുണ്ടായിരുന്നു. അതോടൊപ്പം തന്നെ അവർ മലക്കുകളോട് അവരുടെ മഹത്വവും ദൈവസാമീപ്യവും പരിഗണിച്ചുകൊണ്ട് തങ്ങളുടെ കാര്യത്തിൽ ശുപാർശ പറയാൻ അപേക്ഷിക്കാറുണ്ടായിരുന്നു! അതല്ലെങ്കിൽ *'ലാത്ത'* പോലുള്ള മഹത്വ്യക്തികളോടും ഈസാനബി(അ)യെപ്പോലുള്ള നബിമാരോടും അവർ പ്രാർത്ഥിക്കാറുണ്ടായിരുന്നു. നബി(സ) അവരോട് യുദ്ധം ചെയ്തത് ഈ 'ശിർക്കി'ൻെറ പേരിലായിരുന്നു. റസൂൽ(സ) അവരെ ക്ഷണിച്ചത് *'ഇബാദത്ത്'* (ആരാധന) അല്ലാഹുവിന്ന് മാത്രമാക്കിത്തീർക്കാൻവേണ്ടിയായിരുന്നു. അല്ലാഹു ഇപ്രകാരം പറയുകയുണ്ടായി : ﴿..فلا تدعوا مع الله أحداً﴾

*"....അതിനാൽ നിങ്ങൾ അല്ലാഹുവിനോടൊപ്പം മറ്റാരേയും വിളിച്ചുപ്രാർത്ഥിക്കരുത്."* *(വി. ഖു. 72/18)*

മറ്റൊരിടത്ത് അല്ലാഹു പറയുന്നത് നോക്കുക:

﴿له دعوة الحقّ والّذين يدعون من دونه لايستجيبون لهم بشيئ﴾

*"അവനോടുള്ളത് മാത്രമാണ് ന്യായമായ പ്രാർത്ഥന. അവനു പുറമേ ആരോടെല്ലാം അവർ പ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നുവോ അവരാരും അവർക്ക് യാതൊരു ഉത്തരവും നൽകുന്നതല്ല....."*

*(വി. ഖു. 13/14)*

● അപ്പോൾ എല്ലാ പ്രാർത്ഥനയും എല്ലാ നേർച്ചയും എല്ലാ മൃഗബലിയും എല്ലാ ഇസ്തിഗാഥയും എല്ലാ അഭൗതിക സഹായാഭ്യർത്ഥനയും ഇബാദത്തിൻെറ മറ്റിനങ്ങളും അല്ലാഹുവിന്ന് മാത്രമായിത്തീരാൻ വേണ്ടിയാണ് നബിതിരുമേനി അവരോട് യുദ്ധം ചെയ്തത്.

*തൗഹീദുർ-റുബൂബിയ്യത്ത്* (രക്ഷാകർത്താവ് അല്ലാഹു മാത്രമാണെന്ന്) അംഗീകരിച്ചതുകൊണ്ടുമാത്രം അവർക്ക് ഇസ്‌ലാമിൽ പ്രവേശിക്കാൻ (മുസ്‌ലിംകളായിത്തീരാൻ) സാധിച്ചില്ല. അല്ലാഹുവിൻെറ പക്കൽ ശുപാർശപറയാനും അവനിലേക്ക് അടുപ്പിക്കാനുമെന്നപേരിൽ അവർ ഔലിയാക്കളേയും പ്രവാചകന്മാരേയും മല

ക്കുകളേയും സമീപിച്ചതുതന്നെയാണ് നബിതിരുമേനി(സ) അവരുടെ രക്തവും സ്വത്തും അനുവദനീയമായി പ്രഖ്യാപിക്കാൻ കാരണം.

ദൈവദൂതന്മാർ ജനങ്ങളെ ക്ഷണിച്ചത് ഏതു തൗഹീദിലേക്കാണെന്നും ജനങ്ങൾ വിശ്വസിക്കാൻ കൂട്ടാക്കാതിരിരുന്ന കാര്യം എന്തായിരുന്നുവെന്നും ഇതിനകം വ്യക്തമായല്ലോ.

## 3

**ഇബാദത്തിലെ ഏകത്വമാണ് *'ലാഇലാഹ ഇല്ലല്ലാഹ്'* എന്നതിൻെറ പൊരുൾ. നബി(സ)യുടെ സമകാലികരായ ആളുകൾക്ക് ഇന്നത്തെ മുസ്‌ലിം നാമധാരികളേക്കാൾ ഇക്കാര്യം നന്നായി അറിയാമായിരുന്നു.**

ഇബാദത്തിലെ തൗഹീദാണ് لا إله إلا الله എന്നതിൻെറ പൊരുൾ. കാരണം, അവരുടെ (പൂർവ്വകാല മുശ്‌രിക്കുകളുടെ) പക്കൽ 'ഇലാഹ്' എന്നത് -അത് മലക്കോ, നബിയോ, വലിയ്യോ, മരമോ, ഖബ്റോ, ജിന്നോ എന്തുമാവട്ടെ- അല്ലാഹുവിനോട് സാമീപ്യവും അവൻെറയടുക്കൽ ശുപാർശയും തങ്ങൾക്കും അല്ലാഹുവിന്നുമിടയിൽ മധ്യവർത്തിത്വവും പ്രതീക്ഷിച്ചുകൊണ്ട് സമീപിക്കപ്പെടുന്ന അസ്തിത്വമായിരുന്നു. അതല്ലാതെ, സ്രഷ്ടാവും അന്നദാതാവും നിയന്താവും അല്ലാഹുവാണ് എന്ന കാര്യമായിരുന്നില്ല *'ഇലാഹ്'* എന്നതുകൊണ്ട് അവർ മനസ്സിലാക്കിയിരുന്നത്. ആവക കാര്യങ്ങൾ അല്ലാഹുവിന്ന് മാത്രം അവകാശപ്പെട്ടതാണെന്ന് അവർക്ക് നേരത്തെതന്നെ അറിയാമായിരുന്നു.

സമകാലിക മുശ്‌രിക്കുകൾ سيّد (യജമാനൻ) എന്ന വാക്കുകൊണ്ട് എന്താണോ ഉദ്ദേശിക്കുന്നത് അതാണ് അവർ إله (ഇലാഹ്) എന്നതുകൊണ്ട് അർത്ഥമാക്കിയിരുന്നത്. അപ്പോഴാണ് നബി(സ) വന്ന് അവരെ لا إله إلا الله എന്ന *കലിമതുത്തൗഹീദിലേക്ക്* ക്ഷണിക്കുന്നത്.

❑ لا إله إلا الله എന്ന് നാവുകൊണ്ട് ഉച്ചരിച്ചാൽ മാത്രം പോരാ.

അതിൻെറ ആശയം ഉൾക്കൊളളുകകൂടി വേണം. അല്ലാഹുവിനോട് മാത്രം ബന്ധംസ്ഥാപിക്കുകയും മറ്റെല്ലാ ആരാധ്യരേയും നിഷേധിക്കുകയുമായിരുന്നു لا إله إلا الله എന്നതുകൊണ്ട് നബി(സ) ഉദ്ദേശിച്ചിരുന്നത്. ജാഹിലിയ്യാജനതയ്ക്ക് ഇക്കാര്യം അറിയാമായിരുന്നു. അതുകൊണ്ടാണ് റസൂൽ(സ) അവരോട് لا إله إلا الله എന്നു പറയാൻ ആവശ്യപ്പെട്ടപ്പോൾ അവർ ഇപ്രകാരം തിരിച്ചുചോദിച്ചത്:

﴿أجعل الآلهة إلها واحدا إنّ هذا لشيء عجاب﴾

*"ഇവൻ പല ദൈവങ്ങളെ ഒറ്റദൈവമാക്കിയിരിക്കുകയാണോ? അത്ഭുതമുളള കാര്യംതന്നെയാണിത്!"* *(വി.ഖു.38/5)*

അപ്പോൾ കാര്യം വളരെ വ്യക്തം. لا إله إلا الله എന്നതിന്ന് അജ്ഞരായ മുൻകാല മുശ്രിക്കുകൾ മനസ്സിലാക്കിയിരുന്ന ഒരാശയം പോലും ഇന്ന് മുസ്ലിമാണെന്ന് വാദിച്ചുനടക്കുന്ന ചിലർ മനസ്സിലാക്കുന്നില്ല!. لا إله إلا الله എന്ന് നാവുകൊണ്ട് പറഞ്ഞാൽ മതി. അതിനപ്പുറം യാതൊരാശയവും മനസ്സിൽ ഉൾക്കൊളേളണ്ടതില്ലെന്നാണ് ഇവർ ധരിച്ചുവെച്ചിരിക്കുന്നത്!.

സൃഷ്ടിക്കുന്നതും ഭക്ഷണം നൽകുന്നതും കാര്യങ്ങൾ നിയന്ത്രിക്കുന്നതും അല്ലാഹു മാത്രമാണെന്ന കാര്യമാണ് لا إله إلا الله എന്നതിൻെറ താൽപര്യമെന്ന് മനസ്സിലാക്കിയിരിക്കുന്ന ചില 'അതിബുദ്ധിമാന്മാ'രുണ്ട്! لا إله إلا الله എന്നതിൽ നിന്ന് *'ജാഹിലുകളായ കാഫിറുകൾ'* (അജ്ഞരായ സത്യനിഷേധികൾ) മനസ്സിലാക്കിയിരുന്ന ഒരു കാര്യംപോലും മനസ്സിലാക്കാത്ത ഒരാളിൽ യാതൊരു നന്മയുമില്ല.

## (4)

**തൗഹീദാകുന്ന ദൈവികാനുഗ്രഹത്തിൽ സത്യവിശ്വാസികൾ സന്തോഷിക്കേണ്ടതുണ്ട്; അത് നഷ്ടപ്പെടുന്നത് ഭയപ്പെടുകയും വേണം.**

- അല്ലാഹു പൊറുക്കാത്ത മഹാപാപമാണ് ശിർക്ക്.

﴿إِنَّ اللَّهَ لا يَغفِر أن يُشرك به ويغفر ما دون ذلك لمن يشاء﴾

*"അല്ലാഹുവിൽ പങ്കുചേർക്കപ്പെടുന്നത് അവൻ ഒരിക്കലും പൊറുക്കുകയില്ല. അതൊഴികെയുള്ള പാപങ്ങൾ അവൻ ഉദ്ദേശിക്കുവർക്ക് അവൻ പൊറുത്തുകൊടുക്കുന്നതാണ്." (വി. ഖു. 4/48)*

☞ മേൽപറഞ്ഞകാര്യം മനസ്സുകൊണ്ട് ഗ്രഹിച്ചുകഴിഞ്ഞാൽ.....

☞ അല്ലാഹു പൊറുക്കാത്ത മഹാപാപമാണ് 'ശിർക്ക്' എന്ന് മനസ്സിലാക്കിക്കഴിഞ്ഞാൽ.....

☞ മുഴുവൻ പ്രവാചകന്മാരോടും അല്ലാഹു പ്രബോധനം ചെയ്യാൻ കൽപിച്ചതും അവങ്കൽ സ്വീകാര്യമായതും ഏത് മതമാണെന്ന് ഗ്രഹിക്കുകയും അതിനെക്കുറിച്ച് ഇന്ന് മിക്കമനുഷ്യരും അജ്ഞരാണെന്ന് അറിയുകയും ചെയ്തുകഴിഞ്ഞാൽ...... അതുകൊണ്ട് രണ്ട് നേട്ടങ്ങളുണ്ട് :

1) അല്ലാഹുവിൻെറ അനുഗ്രഹ-കാരുണ്യങ്ങളെക്കുറിച്ച സന്തോഷം. ﴿قل بفضل الله وبرحمته فبذلك فليفرحوا هو خير مما يجمعون﴾

*"പറയുക: അല്ലാഹുവിൻെറ അനുഗ്രഹംകൊണ്ടും കാരുണ്യം കൊണ്ടുമാണത്. അതുകൊണ്ട് അവർ സന്തോഷിച്ചുകൊള്ളട്ടെ. അതാണ് അവർ സമ്പാദിച്ചുകൂട്ടിക്കൊണ്ടിരിക്കുന്നതിനേക്കാൾ ഉത്തമമായിട്ടുള്ളത്."*

*(വി. ഖു. 10/58)*

2) അല്ലാഹുവിനെക്കുറിച്ച മഹാഭയം.

● മനുഷ്യൻെറ നാവിലൂടെ പുറപ്പെടുന്ന ഒരു വാചകം കൊണ്ടുതന്നെ ചിലപ്പോൾ അവൻ കാഫിറായിപ്പോകുമെന്നറിയുമ്പോൾ അല്ലാഹുവിനെക്കുറിച്ച ഭയവും അതിൽനിന്നുള്ള രക്ഷാമാർഗ്ഗത്തെക്കുറിച്ച അന്വേഷണത്വരയും വർധിക്കും. ചിലപ്പോൾ അവൻെറ നാവിലൂടെ അത്തരം വാചകങ്ങൾ പുറപ്പെടുന്നത് അജ്ഞത മൂലമായിരിക്കും. പക്ഷേ, ആ അജ്ഞത അവന്ന് ഫലം ചെയ്യില്ല. മറ്റുചിലപ്പോൾ അത്; അല്ലാഹുവിലേക്കടുപ്പിക്കാൻ ഉപകരിക്കുമെന്ന ധാരണയോടെയാവും. (മുൻകാല) 'മുശ്രിക്കു'കൾ അങ്ങനെയാണല്ലോ ധരിച്ചിരുന്നത്.

വിവരവും ഭക്തിയുമുള്ളവരായിരുന്നു മൂസാനബി(അ)യുടെ ജനത. എന്നിട്ടും അവർ മൂസാനബിയോട് ഇപ്രകാരം ആവശ്യപ്പെടുകയുണ്ടായി: ﴿اجعل لنا إلها كما لهم آلهة﴾

*"ഇവർക്ക് പല ദൈവങ്ങൾ ഉള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം."* *(വി. ഖു. 7/138)*

ഇക്കാര്യം കൂടി മനസ്സിലായാൽ നിന്റെ ഭയം വർധിക്കുകയും ശിർക്കിൽനിന്ന് മുക്തനാവാൻ നീ ഏറെ ജാഗ്രത പുലർത്തുകയും ചെയ്യും.

**5**

**അല്ലാഹു തന്റെ ദൂതന്മാർക്കും ഔലിയാക്കൾക്കും മനുഷ്യരിൽ നിന്നും ജിന്നുകളിൽ നിന്നുമുള്ള ശത്രുക്കളെ ഏർപ്പെടുത്തിയതിൽ ചില യുക്തിയുണ്ട്.**

ഈ 'തൗഹീദു'മായി അല്ലാഹു നിയോഗിച്ച എല്ലാ പ്രവാചകന്മാർക്കും അവൻ ശത്രുക്കളെ ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ചില ദൈവിക യുക്തിയുണ്ട്. അല്ലാഹു പറയുന്നു:

﴿وكذلك جعلنا لكل نبي عدوا شياطين الانس والجن يوحي بعضهم
الى بعض زخرف القول غرورا﴾

*"അപ്രകാരം ഓരോ പ്രവാചകന്നും മനുഷ്യരിലും ജിന്നുകളിലും പെട്ട പിശാചുക്കളെ നാം ശത്രുക്കളാക്കിയിട്ടുണ്ട്. കബളിപ്പിക്കുന്ന ഭംഗിവാക്കുകൾ അവർ പരസ്പരം ദുർബോധനം ചെയ്യുന്നു...."* *(വി. ഖു. 6/112)*

● ചിലപ്പോൾ, തൗഹീദിന്റെ എതിരാളികളുടെ പക്കൽ പല വിജ്ഞാനങ്ങളും ഗ്രന്ഥങ്ങളും 'തെളിവു'കളുമൊക്കെ കണ്ടേക്കും.

അല്ലാഹു പറയുന്നത് നോക്കൂ:

﴿فلما جاءتهم رسلهم بالبينات فرحوا بما عندهم من العلم﴾

*"അങ്ങനെ അവരിലേക്കുള്ള ദൂതന്മാർ വ്യക്തമായ തെളിവു*

കളും കൊണ്ട് അവരുടെ അടുത്ത് ചെന്നപ്പോൾ അവരുടെ പക്കലു ള്ള അറിവുകൊണ്ട് അവർ തൃപ്തിയടയുകയാണ് ചെയ്തത്...."

*(വി. ഖു. 40/83)*

6

## ശത്രുക്കളുന്നയിക്കുന്ന തെറ്റിദ്ധാരണകളെ ചെറുക്കാൻ ഖു ർആനും സുന്നത്തും ആയുധമാക്കേണ്ടതുണ്ട്.

● ന്യായവാദങ്ങളും വാക്ചാതുരിയുമായി സത്യത്തിൻെറ വ ക്താക്കളെ വഴിതെറ്റിക്കാൻ ശത്രുക്കൾ സജ്ജരായിരിക്കുമെന്ന കാര്യം മനസ്സിലാക്കിയാൽ പിന്നെ ആ പിശാചുക്കളോട് അടരാടാൻ ആവശ്യമായ ദീനീവിജ്ഞാനങ്ങൾ അനിവാര്യമായും നേടിയിരി ക്കേണ്ടതുണ്ട്. ആ പിശാചുക്കളുടെ നേതാവ് മുമ്പ് അല്ലാഹുവിനോ ട് പറഞ്ഞതെന്തെന്നറിയില്ലേ?.

﴿...لأقعدنّ لهم صراطك المستقيم. ثمّ لآتينّهم من بين أيديهم ومن خلفهم
وعن أيمانهم وعن شمائلهم ولا تجد أكثرهم شاكرين﴾

*"അവൻ(ഇബ്‌ലീസ്) പറഞ്ഞു: നീ എന്നെ വഴിപിഴപ്പിച്ചതിനാ ൽ നിൻെറ നേരായ പാതയിൽ അവർ (മനുഷ്യർ) പ്രവേശിക്കുന്നത് തടയാൻ ഞാൻ കാത്തിരിക്കും. പിന്നീട് അവരുടെ മുന്നിലൂടെയും പിന്നിലൂടെയും വലതുഭാഗങ്ങളിലൂടെയും ഇടതുഭാഗങ്ങളിലൂടെ യും ഞാൻ അവരുടെ അടുത്ത് ചെല്ലുക തന്നെ ചെയ്യും. അവരിൽ അധികപേരേയും നീ നന്ദിയുള്ളവരായി കണ്ടെത്തുകയില്ല."*

*(വി. ഖു. 7/16, 17)*

● എന്നാൽ, അല്ലാഹുവിലേക്ക് ആഭിമുഖ്യം കാണിക്കുക യും അവൻെറ തെളിവുകളും ന്യായങ്ങളും ശ്രദ്ധിക്കുകയും ചെയ്യു ന്നപക്ഷം ഒരിക്കലും നിനക്ക് ദു:ഖിക്കുകയോ ഭയപ്പെടുകയോ വേ ണ്ടിവരില്ല. അല്ലാഹു പറയുന്നത് നോക്കൂ: ﴿إنّ كيد الشيطان كان ضعيفا﴾

*"തീർച്ചയായും പിശാചിൻെറ കുതന്ത്രം ദുർബലമാകുന്നു."*

*(വി. ഖു. 4/76)*

യഥാർത്ഥ *'മുവഹ്ഹിദു'(ഏകദൈവ വിശ്വാസി)*കളിൽപ്പെട്ട

ഒരു സാധാരണക്കാരന്ന് ആ ബഹുദൈവവിശ്വാസികളിൽപ്പെട്ട ആയിരം പണ്ഡിതന്മാരെ തോൽപ്പിക്കാൻ കഴിയും. അല്ലാഹു പറയുന്നത് നോക്കുക: ﴿وإنَّ جندنا لهم الغالبون﴾

*"തീർച്ചയായും നമ്മുടെ സൈന്യം തന്നെയായിരിക്കും ജേതാക്കളായിരിക്കുക." (വി. ഖു. 37/173)*

● അല്ലാഹുവിൻെറ പടയാളികൾക്ക്, വാൾകൊണ്ടും അമ്പ് കൊണ്ടും ജയിക്കാൻ കഴിയുന്നതുപോലെത്തന്നെ, തെളിവുകളിലൂടെയും ന്യായങ്ങളിലൂടെയും ജയിക്കാൻ കഴിയും.

ആയുധങ്ങളില്ലാതെ അടരാടാൻ ഇറങ്ങുന്ന *'മുവഹ്ഹിദു'*കളാണ് ഭയപ്പെടേണ്ടിവരിക. കാരണം, അല്ലാഹു തൻെറ ഗ്രന്ഥത്തിലൂടെ സന്മാർഗ്ഗവും കാരുണ്യവും സത്യവിശ്വാസികൾക്ക് സുവിശേഷവും എല്ലാ കാര്യങ്ങൾക്കുമുള്ള വിശദീകരണവും നൽകിയിട്ടുണ്ട്. അസത്യത്തിൻെറ വക്താക്കളിൽ ആരെങ്കിലും വല്ല തെളിവുമായി വന്നാൽ അതിനെ പൊളിച്ചുകളയാൻ വിശുദ്ധ ഖുർആനിൽ തന്നെ ന്യായങ്ങളും തെളിവുകളും ഉണ്ട്. അല്ലാഹു പറയുന്നു:

﴿ولا يأتونك بمثل إلاَّ جئناك بالحقِّ وأحسن تفسيراً﴾

*"അവർ ഏതൊരു പ്രശ്നവും കൊണ്ട് നിൻെറ അടുത്ത് വരികയാണെങ്കിലും അതിൻെറ യാഥാർത്ഥ്യവും ഏറ്റവും നല്ല വിവരണവും നിനക്ക് നാം കൊണ്ടുവന്നുതരാതിരിക്കില്ല." (വി. ഖു. 25/33)*

അന്ത്യനാൾവരെയുള്ള അസത്യത്തിൻെറ ആളുകൾ കൊണ്ടുവരുന്ന തെളിവുകളെ നേരിടാനുള്ള ന്യായങ്ങളെക്കുറിച്ച് ഈ സൂക്തം നമുക്ക് 'ഗ്യാരണ്ടി' നൽകുന്നതായി ചില ഖുർആൻ വ്യാഖ്യാതാക്കൾ അഭിപ്രായപ്പെട്ടിട്ടുണ്ട്.

(7)

## അസത്യത്തിൻെറ വക്താക്കൾക്ക് മറുപടി

സമകാലിക മുശ്രിക്കുകൾ ഉന്നയിക്കുന്ന ന്യായങ്ങൾക്ക് മറു

പടിയായി അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞ ചില കാര്യങ്ങൾ വിവരിക്കാം. ആദ്യം സംക്ഷിപ്തമായും, പിന്നെ വിശദമായും. സംക്ഷിപ്തമായി പറയുന്ന കാര്യങ്ങൾ വളരെ പ്രധാനമാണ്. അത് ബുദ്ധിശാലികൾക്ക് ഏറെ ഫലം ചെയ്യുന്നതുമാണ്. അല്ലാഹു പറയുന്നു:

﴿هو الَّذي أنزل عليك الكتاب منه آيات محكمات هنَّ أم الكتاب وأخر متشابهات فأمَّا الَّذين في قلوبهم زيغ فيتَّبعون ما تشابه منه ابتغاء الفتنة وابتغاء تأويله وما يعلم تأويله إلاَّ الله...﴾

*"നബിയേ (താങ്കൾക്ക്) വേദഗ്രന്ഥം അവതരിപ്പിച്ചുതന്നിരിക്കുന്നത് അവനത്രെ. അതിൽ സുവ്യക്തവും ഖണ്ഡിതവുമായ വചനങ്ങളുണ്ട്. അവയത്രെ വേദഗ്രന്ഥത്തിന്റെ മൗലികഭാഗം. ആശയത്തിൽ സാദൃശ്യമുള്ള ചില വചനങ്ങളുമുണ്ട്. എന്നാൽ, മനസ്സുകളിൽ വക്രതയുള്ളവർ കുഴപ്പമുണ്ടാക്കാനുദ്ദേശിച്ചുകൊണ്ടും ദുർവ്യാഖ്യാനം നടത്താനാഗ്രഹിച്ചുകൊണ്ടും ആശയത്തിൽ സാദൃശ്യമുള്ള വചനങ്ങളെ പിന്തുടരുന്നു. അതിന്റെ സാക്ഷാൽ വ്യാഖ്യാനം അല്ലാഹുവിന് മാത്രമേ അറിയൂ." (വി. ഖു. 3/7)*

റസൂൽ(സ)യിൽ നിന്ന് ഉദ്ധരിക്കപ്പെടുന്ന സ്വഹീഹായ ഒരു ഹദീസിൽ ഇങ്ങനെ കാണാം:

«إذا رأيتم الَّذين يتبعون ما تشابه منه فأولئك الَّذين سمَّى الله فاحذروهم»

*'ഖുർആനിലെ 'മുതശാബിഹായ'[2] സൂക്തങ്ങളുടെ പിന്നാലെപോകുന്നവരെ കണ്ടാൽ നിങ്ങൾ മനസ്സിലാക്കുക; അല്ലാഹു പ്രത്യേകം എടുത്തുപറഞ്ഞത് അവരെക്കുറിച്ചാണെന്ന്. അവരെ നിങ്ങൾ സൂക്ഷിക്കുക.'*

● ഉദാഹരണത്തിന്; ഏതെങ്കിലുമൊരു 'മുശ്രിക്ക്' താഴെ പറയുന്ന ഖുർആൻ വചനം ഉദ്ധരിച്ചുകൊണ്ടിങ്ങനെ പറയുന്നുവെന്നിരിക്കട്ടെ: ﴿ألاَ إنَّ أولياء الله لاخوف عليهم ولاهم يحزنون﴾

*"അറിയുക: അല്ലാഹുവിന്റെ ഔലിയാക്കൾക്ക് ഒന്നും ഭയ*

2) പരസ്പരസാദൃശ്യം പുലർത്തുന്നവ. -വിവ:

*പ്പെടേണ്ടതില്ല. അവർ ദുഃഖിക്കേണ്ടിവരികയുമില്ല."(വി. ഖു. 10/62)*

*"ശുപാർശ സത്യവുമാണ്."*

അതല്ലെങ്കിൽ; *"പ്രവാചകന്മാർക്ക് അല്ലാഹുവിങ്കൽ മഹത്തായ സ്ഥാനമുണ്ട്."*

അതുമല്ലെങ്കിൽ; അവൻ നബി(സ)യുടെ വല്ല വചനവും ഉദ്ധരിച്ചുകൊണ്ട് തന്റെ തെറ്റായ വാദത്തിന് തെളിവ് നൽകുന്നുവെന്നിരിക്കട്ടെ. അപ്പോൾ ഇത് കേൾക്കുന്ന താങ്കൾക്ക് പ്രസ്തുത വചനങ്ങളുടെ ശരിയായ ആശയത്തെക്കുറിച്ചറിയില്ലെങ്കിൽ താങ്കൾ ഇത്രമാത്രം പറയുക:

- *'വക്രമനസ്കരായ ആളുകൾ 'മുഹ്കം' (ആശയ സുഭദ്രമായ) സൂക്തങ്ങൾ വിട്ട് 'മുതശാബിഹ്' (പരസ്പര സാദൃശ്യമുള്ള) സൂക്തങ്ങൾ പിന്തുടരുമെന്ന് അല്ലാഹു ഖുർആനിൽ (വി. ഖു. 3/7) പറഞ്ഞിട്ടുണ്ട്.'*

'മുൻകാലക്കാരായ ബഹുദൈവ വിശ്വാസികൾ അല്ലാഹുവിന്റെ *റുബൂബിയ്യത്തി*ലെ ഏകത്വം (രക്ഷാകർത്താവ് അല്ലാഹു മാത്രമാണെന്ന കാര്യം) അംഗീകരിച്ചിരുന്നുവെന്നും പ്രവാചകന്മാർ, മലക്കുകൾ, ഔലിയാക്കൾ മുതലായവർ അല്ലാഹുവിങ്കൽ തങ്ങളുടെ ശുപാർശകരാണ് എന്ന അവരുടെ വിശ്വാസമാണ് അവർ കാഫിറായിത്തീരാൻ കാരണമായതെന്നും ഞാൻ പറഞ്ഞത് വിശുദ്ധ ഖുർആനിലെ *'മുഹ്കം'* (ആശയസുഭദ്രം) ആയ വചനങ്ങളാണ്. അതിന്റെ ആശയം മാറ്റിമറിക്കാൻ ആർക്കും സാധ്യമല്ല. അത്രയ്ക്ക് വ്യക്തമാണത്. എന്നാൽ, നീ പറഞ്ഞ ഖുർആൻ വചനത്തിന്റേയും നബിവചനത്തിന്റേയും ശരിയായ ആശയം എനിക്കറിയില്ല. പക്ഷേ, ഒരുകാര്യം വ്യക്തമാണ്; അല്ലാഹുവിന്റെ വചനങ്ങളൊരിക്കലും പരസ്പരവിരുദ്ധമാവില്ല. നബി(സ)യുടെ വചനങ്ങളാകട്ടെ വിശുദ്ധ ഖുർആനിന്ന് എതിരാവുകയില്ല. ഇക്കാര്യം എനിക്കറിയാം.'

ഇത്രയും പറഞ്ഞാൽതന്നെ അത് ശരിയായ മറുപടിയായി. പക്ഷേ, അതു ഗ്രഹിക്കണമെങ്കിൽ ദൈവിക സൗഭാഗ്യം (അല്ലാഹു

വിൻെറ 'തൗഫീഖ്') വേണം.

﴿وما يلقها إلاَ الّذين صبروا وما يلقها إلاَ ذو حظ عظيم﴾

*"ക്ഷമ കൈകൊണ്ടവർക്കല്ലാതെ അതിന്നുള്ള അനുഗ്രഹം നൽകപ്പെടുകയില്ല. വമ്പിച്ച ഭാഗ്യമുള്ളവന്നല്ലാതെ അതിനുള്ള അനുഗ്രഹം നൽകപ്പെടുകയില്ല."* *(വി. ഖു. 41/35)*

## വിശദമായ മറുപടി:

പ്രവാചകന്മാർ പഠിപ്പിച്ച യഥാർത്ഥ ദൈവികമതത്തിൽ നിന്ന് ജനങ്ങളെ തടയാൻ ദൈവിക ശത്രുക്കൾ ഉന്നയിക്കുന്ന പല സംശയങ്ങളുമുണ്ട്. ചില ഉദാഹരണങ്ങൾ:

**?** *അവർ പറയും: 'ഞങ്ങൾ അല്ലാഹുവിൽ പങ്കുചേർക്കുന്നില്ല. എന്നുമാത്രമല്ല, സ്രഷ്ടാവും അന്നദാതാവും ഉപകാരോപദ്രവങ്ങൾ ചെയ്യുന്നവനും ഏകനായ അല്ലാഹുവാണെന്നും അതിൽ മറ്റാർക്കും യാതൊരു പങ്കുമില്ലെന്നും ഞങ്ങൾ അംഗീകരിക്കുന്നുണ്ട്. ശൈഖ് അബ്ദിൽഖാദിർ ജീലാനി എന്നല്ല; മുഹമ്മദ് നബി(സ)ക്കുപോലും സ്വന്തമായി ഉപകാരോപദ്രവങ്ങൾ ചെയ്യാൻ കഴിവില്ലെന്ന് ഞങ്ങൾ സാക്ഷ്യപ്പെടുത്തുന്നുണ്ട്. എന്നാൽ; ഞങ്ങൾ പല തെറ്റുകളും ചെയ്തുപോയിട്ടുണ്ട്. സജ്ജനങ്ങൾക്ക് അല്ലാഹുവിൻെറയടുത്ത് മഹത്തായ സ്ഥാനമുണ്ട്. അതിനാൽ (അവർ മുഖേനെ) ഞങ്ങൾ അല്ലാഹുവിനോട് ചോദിക്കുകയാണ് ചെയ്യുന്നത്.'*

● ഇത്തരം ന്യായവാദങ്ങളുന്നയിക്കുന്നവരോട് പറയേണ്ട മറുപടി ഇപ്രകാരമാണ്:

'താങ്കൾ പറഞ്ഞ എല്ലാകാര്യങ്ങളും റസൂൽ തിരുമേനി യുദ്ധം ചെയ്ത ശത്രുവിഭാഗക്കാരും അംഗീകരിച്ചിരുന്നു. അവരുടെ വിഗ്രഹങ്ങൾക്ക് യാതൊരു നിയന്ത്രണാധികാരവും ഇല്ലെന്ന് അവർ സമ്മതിച്ചിരുന്നു. അവർ ഉദ്ദേശിച്ചത് (അവയുടെ പിന്നിൽ) സ്മരിക്കപ്പെടുന്ന) മഹാന്മാരുടെ 'ജാഹും' ശുപാർശയുമായിരുന്നു. അവരെക്കുറിച്ച് വിശുദ്ധ ഖുർആനിൽ വിവരിക്കപ്പെട്ട കാര്യങ്ങൾ വായിച്ചുനോക്കിയാൽ ഈ യാഥാർത്ഥ്യം ബോധ്യപ്പെടും.'

*? ഇതു പറയുമ്പോൾ അവർ ചോദിക്കുന്ന മറ്റൊരു ചോദ്യമുണ്ട്. വിശുദ്ധ ഖുർആനിലെ പ്രസ്തുത സൂക്തങ്ങളെല്ലാം വിഗ്രഹാരാധകരായ ആളുകളെക്കുറിച്ച് അവതരിച്ചതാണല്ലോ. സജ്ജനങ്ങളെ വിഗ്രഹങ്ങളോട് ഉപമിക്കാൻ പറ്റുമോ?. പ്രവാചകന്മാരെ വിഗ്രഹങ്ങളാക്കുകയാണോ താങ്കൾ?.*

ഈ സംശയത്തിൻെറ മറുപടിയും മുമ്പ് വിവരിച്ചിട്ടുണ്ട്.

* * *

ലോകരക്ഷിതാവ് അല്ലാഹു മാത്രമാണെന്ന കാര്യം -അഥവാ- *(തൗഹീദുർ-റുബൂബിയ്യത്ത്)* മുൻകാല മുശ്‌രിക്കുകൾ അംഗീകരിച്ചിരുന്നുവെന്നും അവർ മഹാത്മാക്കളുടെ വിഗ്രഹങ്ങളെ സമീപിച്ചത് ദൈവത്തിങ്കൽ അവരെ ശുപാർശകരാക്കാൻ വേണ്ടിയായിരുന്നുവെന്നും സമ്മതിക്കുന്നതോടൊപ്പം തന്നെ അവരുടേയും സമകാലിക ജാഹിലുകളുടേയും പ്രവർത്തനങ്ങൾ തമ്മിൽ വ്യത്യാസം കൽപിക്കുന്നവരോട് പറയേണ്ടത് ഇങ്ങനെയാണ്:

○ മുൻകാല സത്യനിഷേധികളിൽ വിഗ്രഹങ്ങളോട് പ്രാത്ഥിക്കുന്നവരും ഔലിയാക്കളോട് പ്രാർത്ഥിക്കുന്നവരും ഉണ്ടായിരുന്നു. ഔലിയാക്കളോട് പ്രാർത്ഥിക്കുന്നവരെപ്പറ്റിയാണ് അല്ലാഹു ഖുർആനിൽ ഇപ്രകാരം പറഞ്ഞത്:

﴿أولئك الذين يدعون يبتغون إلى ربهم الوسيلة أيهم أقرب﴾

*"അവർ വിളിച്ചുപ്രാർത്ഥിച്ചുകൊണ്ടിരിക്കുന്നത് ആരെയാണോ അവർ തന്നെ തങ്ങളുടെ രക്ഷിതാവിങ്കലേക്ക് സമീപനമാർഗ്ഗം തേടിക്കൊണ്ടിരിക്കുകയാണ്..."* *(വി. ഖു. 17/57)*

○ ഈസാനബിയോടും മർയം ബീവിയോടും പ്രാർത്ഥിക്കുന്നവരും അവരുടെ കൂട്ടത്തിലുണ്ടായിരുന്നു. അവരെപ്പറ്റിയാണ് അല്ലാഹു ഇപ്രകാരം പറഞ്ഞത്:

﴿ما المسيح ابن مريم إلا رسول قد خلت من قبله الرسل وأمه صديقة كانا يأكلان الطعام أنظر كيف نبين لهم الآيات ثم انظر أنى يؤفكون. قل أتعبدون من دون الله ما لا يملك لكم ضرا ولا نفعا والله هو السميع العليم﴾

"മര്‍യമിന്‍റെ മകന്‍ മസീഹ് ഒരു ദൈവദൂതന്‍ മാത്രമാകുന്നു. അദ്ദേഹത്തിന് മുമ്പ് ദൂതന്മാര്‍ കഴിഞ്ഞുപോയിട്ടുണ്ട്. അദ്ദേഹത്തിന്‍റെ മാതാവ് സത്യവതിയുമാകുന്നു. അവരിരുവരും ഭക്ഷണം കഴിക്കുന്നവരുമായിരുന്നു. നോക്കൂ, നാം അവര്‍ക്ക് എങ്ങനെയെല്ലാം ദൃഷ്ടാന്തങ്ങള്‍ വ്യക്തമാക്കിക്കൊടുക്കുന്നുവെന്ന്!...... (നബിയേ) പറയുക : അല്ലാഹുവെ കൂടാതെ നിങ്ങള്‍ക്ക് ഉപകാരമോ ഉപദ്രവമോ ചെയ്യാന്‍ കഴിയാത്ത വസ്തുക്കളെയാണോ നിങ്ങള്‍ ആരാധിക്കുന്നത്? അല്ലാഹുവാകട്ടെ എല്ലാം കേള്‍ക്കുന്നവനും അറിയുന്നവനുമാകുന്നു......." (വി. ഖു. 5/75, 76)

അല്ലാഹു പറയുന്നു:

﴿ويوم يحشرهم جميعا ثم يقول للملئكة أهؤلآء إياكم كانوا يعبدون. قالوا سبحانك أنت ولينا من دونهم بل كانوا يعبدون الجن أكثرهم بهم مؤمنون﴾

"അവരെ മുഴുവന്‍ ഒരുമിച്ചുകൂട്ടുന്ന ദിവസം (ശ്രദ്ധേയമാകുന്നു). എന്നിട്ട് അവന്‍ മലക്കുകളോട് ചോദിക്കും: നിങ്ങളെയാണോ ഈ കൂട്ടര്‍ ആരാധിച്ചിരുന്നത്?. അവര്‍ പറയും: നീ എത്ര പരിശുദ്ധന്‍! നീയാണ് ഞങ്ങളുടെ രക്ഷിതാവ്. അവരല്ല. എന്നാല്‍ അവര്‍ ജിന്നുകളെയായിരുന്നു ആരാധിച്ചിരുന്നത്. അവരില്‍ അധികപേരും അവരില്‍ (ജിന്നുകളില്‍) വിശ്വസിക്കുന്നവരത്രെ."

(വി. ഖു. 34/40, 41)

അല്ലാഹു പറയുന്നു:

﴿وإذ قال الله يا عيسي ابن مريم ءأنت قلت للناس اتخذوني وأمي إلهين من دون الله قال سبحانك ما يكون لي أن أقول ما ليس لي بحق إن كنت قلته فقد علمته تعلم ما في نفسي ولا أعلم ما في نفسك إنك أنت علام الغيوب﴾

"അല്ലാഹു പറയുന്ന സന്ദര്‍ഭവും (ശ്രദ്ധിക്കുക): മര്‍യമിന്‍റെ മകനായ ഈസാ! അല്ലാഹുവിന്നുപുറമെ എന്നേയും എന്‍റെ മാതാവിനേയും ദൈവങ്ങളാക്കിക്കൊള്ളുവിന്‍ എന്ന് നീയാണോ ജനങ്ങളോട് പറഞ്ഞത്?. അദ്ദേഹം പറയും: നീയെത്ര പരിശുദ്ധന്‍! എനിക്ക് പറയാന്‍ യാതൊരവകാശവുമില്ലാത്ത കാര്യം ഞാന്‍ പറയാവത

*ല്ലല്ലോ? ഞാനത് പറഞ്ഞിരുന്നെങ്കിൽ തീർച്ചയായും നീ അറിഞ്ഞിരിക്കുമല്ലോ?. എൻെറ മനസ്സിലുള്ളത് നീ അറിയും. നിൻെറ മനസ്സിലുള്ളത് ഞാനറിയില്ല. തീർച്ചയായും നീ തന്നെയാണ് അദൃശ്യകാര്യങ്ങൾ അറിയുന്നവൻ..."* *(വി. ഖു. 5/116)*

❏ വിഗ്രഹങ്ങളെ വിളിച്ചുപ്രാർത്ഥിക്കുന്നവരെ മാത്രമല്ല പുണ്യപുരുഷന്മാരേയും പ്രവാചകന്മാരെയും വിളിച്ചുപ്രാർത്ഥിക്കുന്നവരേയും അല്ലാഹു 'കാഫിറാ'യി പ്രഖ്യാപിച്ചിട്ടുണ്ടെന്നും നബി (സ) അവരോട് യുദ്ധം ചെയ്തിട്ടുണ്ടെന്നും ഇതിനകം മനസ്സിലായില്ലേ?.

* * *

**?** 'മുൻകാല മുശ്രിക്കുകൾ, (മൺമറഞ്ഞ) സജ്ജനങ്ങളെ സമീപിച്ചിരുന്നത് അവർക്ക് സജ്ജനങ്ങളിൽ നിന്ന് ഉപകാരം കിട്ടാൻ വേണ്ടിയായിരുന്നു. എന്നാൽ, ഞങ്ങൾ അങ്ങനെയല്ല. ഉപകാരവും ഉപദ്രവവും ചെയ്യാൻ അല്ലാഹുവിന് മാത്രമേ കഴിയൂ എന്ന് വിശ്വസിക്കുന്നവരാണ്. കാര്യങ്ങൾ നിയന്ത്രിക്കാൻ കഴിവുള്ളവൻ അല്ലാഹുവാണെന്ന് വിശ്വസിക്കുന്നവരാണ്. സജ്ജനങ്ങൾക്ക് അതിനൊന്നും കഴിവില്ല. അല്ലാഹുവിൻെറ അടുത്ത് അവരുടെ ശുപാർശ കിട്ടാൻ വേണ്ടി മാത്രമാണ് ഞങ്ങൾ അവരെ സമീപിക്കുന്നത്.'

● ഇങ്ങനെയുള്ള ന്യായവാദങ്ങളുന്നയിക്കുന്നവരോട് പറയേണ്ട മറുപടി ഇപ്രകാരമാണ്:

'മുൻകാല സത്യനിഷേധികളും ഇതേ ന്യായവാദങ്ങളാണ് നടത്തിയിരുന്നത്. വിശുദ്ധ ഖുർആൻ വ്യക്തമാക്കിയ കാര്യമാണിത്. ഖുർആൻ പറയുന്നത് നോക്കൂ:'

﴿ والّذين اتخذوا من دونه أولياء ما نعبدهم الاّ ليقرّبونآ إلى الله زلفى ﴾

*"അല്ലാഹുവിന് പുറമെ രക്ഷാധികാരികളെ സ്വീകരിച്ചവർ (പറയുന്നു) : അല്ലാഹുവിങ്കലേക്ക് ഞങ്ങൾക്ക് കൂടുതൽ അടുപ്പമുണ്ടാക്കിത്തരാൻ വേണ്ടി മാത്രമാകുന്നു ഞങ്ങൾ അവരെ ആരാധിക്കുന്നത്."* *(വി. ഖു. 39/3)*

അല്ലാഹു പറയുന്നു: ﴿ويقولون هؤلاء شفعاؤنا عند الله﴾

*"ഇവർ (ആരാധ്യന്മാർ), അല്ലാഹുവിൻെറ അടുക്കൽ ഞങ്ങൾക്കുള്ള ശുപാർശക്കാരാണ് എന്ന് അവർ പറയുകയും ചെയ്യുന്നു."*

*(വി. ഖു. 10/18)*

ഏറ്റവും ഗുരുതരമായ മൂന്ന് തെറ്റിദ്ധാരണകളാണ് ഇവിടെ ചൂണ്ടിക്കാട്ടിയിട്ടുള്ളത്. അവയെപ്പറ്റി അല്ലാഹു ഖുർആനിലൂടെ വിശദീകരിച്ചിട്ടുണ്ട്. വേണ്ടവിധത്തിൽ അത് നമുക്ക് മനസ്സിലാക്കിത്തന്നിട്ടുണ്ട്. അത് മനസ്സിലാക്കിക്കഴിഞ്ഞാൽ ബാക്കിയുള്ളതെല്ലാം എളുപ്പമാണ്.

## 8

## 'പ്രാർത്ഥന ഇബാദത്തല്ല' എന്ന വാദത്തിൻെറ ഖണ്ഡനം

*'ഞാൻ അല്ലാഹുവിന്ന് മാത്രമേ ഇബാദത്ത് ചെയ്യുന്നുള്ളു. സജ്ജനങ്ങളെ വിളിച്ചുതേടുന്നത് ഇബാദത്തല്ല'* എന്നാണ് വാദമെങ്കിൽ അവനോട് ചോദിക്കേണ്ടത്; ഇബാദത്തിൽ മറ്റാരേയും പങ്കുചേർക്കാൻ പാടില്ലെന്നത് നിൻെറമേലുള്ള അല്ലാഹുവിൻെറ അവകാശമാണെന്ന് നീ അംഗീകരിക്കുന്നുണ്ടോ എന്നാണ്.

○ 'അതെ', എന്നാണ് മറുപടിയെങ്കിൽ അവനോട് പറയേണ്ടത്; 'അല്ലാഹു നിൻെറമേൽ അനിവാര്യമാക്കിയ *ഇബാദത്തിലെ നിഷ്കളങ്കത* എന്നാലെന്താണെന്ന് ഒന്ന് വിശദീകരിച്ചുതരണം' എന്നാണ്.

ഇബാദത്തിൻെറ വിവക്ഷ എന്തെന്നും അതിൻെറ ഇനങ്ങളെന്താണെന്നും അവന്നറിയില്ലെങ്കിൽ താഴെകൊടുത്ത ഖുർആൻ വചനം പാരായണം ചെയ്തുകൊണ്ട് അവന്ന് കാര്യം മനസ്സിലാക്കിക്കൊടുക്കുക: ﴿أدعوا ربكم تضرعا وخفية إنه لا يحب المعتدين﴾

*"താഴ്മയോടും സ്വകാര്യമായിക്കൊണ്ടും നിങ്ങൾ നിങ്ങളുടെ രക്ഷിതാവിനെ വിളിച്ചുപ്രാർത്ഥിക്കുക....."* *(വി. ഖു. 7/55)*

ഇത് മനസ്സിലാക്കിക്കൊടുത്തുകഴിഞ്ഞാൽ അവനോട് ചോദിക്കേണ്ടത് ഇപ്രകാരമാണ്:

*(1) 'ഇവിടെ പരാമർശിക്കപ്പെട്ട പ്രാർത്ഥന അല്ലാഹുവിന്നുള്ള ഇബാദത്താണോ അല്ലേ?.'*

'അതെ' എന്നായിരിക്കും അവൻ പറയുക. കാരണം, *'പ്രാർത്ഥന ഇബാദത്തിൻെറ മജ്ജയാണ്.'*

*(2) പ്രാർത്ഥന ഇബാദത്താണെന്ന് അംഗീകരിക്കുകയും രാപ്പകൽ ഭേദമന്യേ ഭയത്തോടും പ്രതീക്ഷയോടും കൂടി അല്ലാഹുവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്ന താങ്കൾതന്നെ, അതേ ആവശ്യത്തിന് അല്ലാഹു അല്ലാത്തവരോട് പ്രാർത്ഥിക്കുന്നുവെങ്കിൽ എന്തായിരിക്കും സ്ഥിതി?. അത് അല്ലാഹുവിന്നുള്ള ഇബാദത്തിൽ പങ്കുചേർക്കൽ (ശിർക്ക്) ആവില്ലേ?.*

☞ 'അതെ' എന്നാണ് മറുപടി വേണ്ടത്.

(3) ﴿فصل لربك وانحر﴾ *"ആകയാൽ, നീ നിൻെറ രക്ഷിതാവിന് വേണ്ടി നമസ്കരിക്കുകയും ബലിയറുക്കുകയും ചെയ്യുക." (വി. ഖു. 108/2)* എന്ന അല്ലാഹുവിൻെറ കൽപനയനുസരിച്ച് നീ അല്ലാഹുവിന്നു വേണ്ടി ബലിയറുത്താൽ അത് ഇബാദത്തല്ലേ?.

☞ 'അതെ' എന്നാണവൻ മറുപടി പറയേണ്ടത്.

? 'എങ്കിൽ, ഈ ബലി ഒരു നബിയുടേയോ, ജിന്നിൻേറയോ പേരിൽ നിർവ്വഹിച്ചാൽ എന്തായിരിക്കും സ്ഥിതി?. അത് അല്ലാഹുവിനുള്ള ഇബാദത്തിൽ പങ്കുചേർക്കലല്ലേ?.'

☞ 'അതെ' എന്നാണ് മറുപടി വരേണ്ടത്.

(4) ഇനിയും ഒന്നു ചോദിക്കേണ്ടതുണ്ട്:

*'ഖുർആൻ അവതരണകാലത്തെ 'മുശ്രിക്കു'കൾ മലക്കുകളേയും 'സ്വാലിഹീങ്ങ'ളേയും 'ലാത്ത'യേയുമൊക്കെ ആരാധിക്കുന്ന (ഇബാദത്ത് ചെയ്യുന്ന)വരായിരുന്നോ?.'*

☞ 'അതെ' എന്നാണ് മറുപടി വരേണ്ടത്.

○ എങ്കിൽ; അവരുടെ ഇബാദത്ത് പ്രാർത്ഥനയിലും ബലിയർപ്പണത്തിലും അഭയം തേടലിലുമൊക്കെത്തന്നെയായിരുന്നില്ലേ?. അതല്ലാതെ, മലക്കുകളും സജ്ജനങ്ങളും 'ലാത്ത'യുമൊക്കെ അല്ലാഹുവിൻെറ സൃഷ്ടികളും അടിമകളുമാണെന്നും കാര്യങ്ങളെല്ലാം നിയന്ത്രിച്ചുകൊണ്ടിരിക്കുന്നത് അല്ലാഹുവാണെന്നും അവരുടെ 'ജാഹും' ശുപാർശയും കിട്ടാൻ വേണ്ടിയാണ് തങ്ങൾ അവരെ (മലക്കുകളേയും സജ്ജനങ്ങളേയുമൊക്കെ) വിളിക്കുന്നതും ആശ്രയിക്കുന്നതുമെന്നുമുള്ള കാര്യം അവർ (ഖുർആൻ അവതരണകാലത്തെ മുശ്രിക്കുകൾ) തന്നെ അംഗീകരിച്ചിരുന്നല്ലോ. ഇക്കാര്യം വളരെ വ്യക്തമാണ്.

9

## ശുപാർശ-അനുവദിക്കപ്പെട്ടതും വിലക്കപ്പെട്ടതും

റസൂൽ(സ)യുടെ ശഫാഅത്തിനെ (ശുപാർശയെ) നാം നിഷേധിക്കുകയാണോ?. അല്ല. റസൂൽ(സ)ക്ക് ശഫാഅത്തിന് അധികാരമുണ്ടെന്ന് വിശ്വസിക്കുകയും റസൂൽ(സ)യുടെ 'ശഫാഅത്ത്' ലഭിക്കണമെന്ന് ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ, ശഫാഅത്തിൻെറ (ശുപാർശയുടെ) പരമാധികാരം അല്ലാഹുവിന്നാണ്.

﴿قل لله الشفاعة جميعا﴾

*"പറയുക: എല്ലാ ശുപാർശയും അല്ലാഹുവിന്നാണ് എന്ന്."*

*(വി. ഖു. 39/44)*

○ അല്ലാഹുവിൻെറ അനുമതി കിട്ടിയശേഷമേ ശുപാർശയുണ്ടാവൂ. കാരണം അല്ലാഹു പറയുന്നു:

﴿من ذا الذي يشفع عنده الا بإذنه﴾

*"അല്ലാഹുവിൻെറ അനുമതിയില്ലാതെ ആരാണ് അവൻെറ അടുത്ത് ശുപാർശ ചെയ്യുക?."* *(വി. ഖു. 2/255)*

അതിനാൽ; ഒരാളുടെ കാര്യത്തിലും അല്ലാഹുവിൻെറ അനുമതി കിട്ടിയശേഷമല്ലാതെ ശുപാർശ ചെയ്യപ്പെടുകയില്ല. അല്ലാഹു

തൃപ്തിപ്പെട്ട ആളുകളുടെ കാര്യത്തിൽ മാത്രമേ ശുപാർശയുണ്ടാവൂ.

﴿ولا يشفعون إلا لمن ارتضى﴾

*"അല്ലാഹു തൃപ്തിപ്പെട്ടവർക്ക് വേണ്ടിയല്ലാതെ അവർ ശുപാർശ പറയുകയില്ല."* *(വി. ഖു. 21/28)*

● അല്ലാഹു തൃപ്തിപ്പെടുന്നതാകട്ടെ തൗഹീദ് മാത്രമാണ്.

﴿ومن يبتغ غير الإسلام دينا فلن يقبل منه﴾

*"ഇസ്‌ലാമല്ലാത്ത വല്ലതിനേയും മതമായി ആരെങ്കിലും കൈക്കൊള്ളുന്ന പക്ഷം അവനിൽ നിന്ന് അത് സ്വീകരിക്കപ്പെടുന്നതല്ല. അവൻ പരലോകത്ത് നഷ്ടക്കാരിൽപ്പെട്ടവനുമായിരിക്കും...."*

*(വി. ഖു. 3/85)*

അപ്പോൾ ചുരുക്കത്തിൽ:

● ശുപാർശ മുഴുവൻ അല്ലാഹുവിന്നുള്ളതാണ്.

● അല്ലാഹുവിൻെറ അനുമതി കിട്ടിയശേഷമേ ശുപാർശ നടക്കൂ.

● അല്ലാഹു അനുമതി നൽകുന്നതുവരെ ഒരാളുടെ കാര്യത്തിലും നബി(സ)യോ മറ്റുള്ളവരോ ശുപാർശ ചെയ്യുകയില്ല.

● തൗഹീദിൻെറ ആളുകൾക്കല്ലാതെ അല്ലാഹു ശുപാർശാനുമതി നൽകുകയുമില്ല. അപ്പോൾപ്പിന്നെ ശുപാർശാധികാരം മുഴുവൻ അല്ലാഹുവിന്ന് മാത്രമാണെന്ന് വ്യക്തമായല്ലോ. എങ്കിൽ പിന്നെ ശുപാർശ തേടേണ്ടതും അല്ലാഹുവിനോട് തന്നെയാണ്.

*'അല്ലാഹുവേ!, റസൂൽ തിരുമേനിയുടെ ശപാർശയെ എനിക്ക് നീ തടയരുതേ! അല്ലാഹുവേ, റസൂൽ തിരുമേനിയെ എൻെറ കാര്യത്തിൽ നീ ശുപാർശകനാക്കേണമേ.!'* എന്നിങ്ങനെയാണ് നാം പ്രാർത്ഥിക്കേണ്ടത്.

? *'നബി(സ)ക്ക് അല്ലാഹു ശുപാർശാധികാരം നൽകിയിട്ടുണ്ട്. അല്ലാഹു കൊടുത്ത ആ അധികാരത്തിൽ നിന്നാണ് ഞാൻ*

*ചോദിക്കുന്നത്'* എന്നിങ്ങനെയാണ് പറയുന്നതെങ്കിൽ അതിനുള്ള മറുപടി:

● 'നബി(സ)ക്ക് അല്ലാഹു ശുപാർശാധികാരം നൽകിയിട്ടുണ്ട് എന്നത് ശരിതന്നെ. അതോടൊപ്പം തന്നെ നബിയോട് അത് ചോദിക്കുന്നത് അല്ലാഹു വിലക്കിയിട്ടുമുണ്ട്. സൂറത്തുൽ ജിന്നിൽ അല്ലാഹു പറയുന്നു:

﴿فلا تدعوا مع الله أحداً﴾

*"അതിനാൽ അല്ലാഹുവോടൊപ്പം നിങ്ങൾ ആരെയും വിളിച്ചു പ്രാർത്ഥിക്കരുത്......"* *(വി. ഖു. 72/18)*

അപ്പോൾ ഒരാളുടെ കാര്യത്തിൽ അല്ലാഹുവിങ്കൽ നബിതിരുമേനിയുടെ ശുപാർശ കിട്ടണമെങ്കിൽ അല്ലാഹുവിൻെറ ഈ വചനം *(വി. ഖു. 72/18)* അനുസരിച്ച് പ്രവർത്തിക്കണം. അഥവാ-അല്ലാഹുവിനോടൊപ്പം മറ്റാരേയും അവൻ വിളിച്ചുതേടാതിരിക്കണം.

* * *

നബി(സ)ക്കുപുറമെ മലക്കുകൾ, ഔലിയാക്കൾ, പ്രായം തികയാതെ മരണപ്പെട്ട ശിശുക്കൾ എന്നിവർക്കും ശുപാർശാനുമതി നൽകപ്പെട്ടിട്ടുണ്ടെന്ന് സ്വഹീഹായ ഹദീസുകളിൽ കാണാം. അല്ലാഹു അവർക്ക് നൽകിയ ശുപാർശാനുമതിയിൽ നിന്നാണ് ഞാൻ അവരോട് ചോദിക്കുന്നത് എന്നാണ് വാദമെങ്കിൽ; അത് വിശുദ്ധ ഖുർആനിലൂടെ അല്ലാഹു വിലക്കിയ *'പുണ്യാത്മാക്കൾക്കുള്ള ഇബാദത്താണ്'* എന്നാണ് പറയാനുള്ളത്. 'അല്ല' എന്നാണ് വാദമെങ്കിൽ താങ്കളുടെ നേരത്തെ പറഞ്ഞ വാദം പൊളിയുകയും ചെയ്തു.

(10)

## സജ്ജനങ്ങളിലേക്ക് ശരണം തേടുന്നത് ശിർക്കാണ്

? 'ഞാൻ അല്ലാഹുവിൽ പങ്കുചേർക്കുന്നില്ല. സജ്ജനങ്ങളോട് ശുപാർശ തേടുന്നത് ശിർക്കല്ല്' എന്നാണ് വാദമെങ്കിൽ അവനോട് ചോദിക്കേണ്ടത് ഇപ്രകാരമാണ്:

● 'ശിർക്കി'നെ (അല്ലാഹുവിൽ പങ്കുചേർക്കുന്നതിനെ) അല്ലാഹു വ്യഭിചാരത്തേക്കാൾ വലിയ കുറ്റമായിട്ടാണ് കണക്കാക്കിയിട്ടുള്ളതെന്നും അല്ലാഹു ഒരിക്കലും പൊറുക്കാത്ത പാപമാണതെന്നും താങ്കൾ അംഗീകരിക്കുന്നുണ്ടെങ്കിൽ *'അല്ലാഹു പൊറുക്കാത്ത ആ വിലക്കപ്പെട്ട ശിർക്ക്'* ഏതാണ്?.

'തനിക്കറിയില്ലെ'ന്നു പറഞ്ഞു ഒഴിഞ്ഞുമാറുകയാണെങ്കിൽ അവനോട് ചോദിക്കാനുള്ളത് ഇതാണ്: 'ശിർക്ക് ഏതാണെന്നറിയാതെ അതിൽ നിന്ന് താൻ മുക്തനാണെന്ന് എങ്ങനെ താങ്കൾക്ക് പറയാൻ കഴിയും?. ഒരുകാര്യം ചെയ്യാൻ പാടില്ലെന്ന് അല്ലാഹു വിലക്കുകയും അതൊരിക്കലും പൊറുക്കാത്ത പാപമാണെന്ന് പറയുകയും ചെയ്തിരിക്കെ അത് ഏതാണെന്ന് അല്ലാഹു വിശദീകരിച്ചു തരാതിരിക്കുമോ?.'

? വിഗ്രഹാരാധനയാണ് ശിർക്ക്; ഞങ്ങൾ വിഗ്രഹാരാധന ചെയ്യുന്നില്ല എന്നാണ് മറുപടിയെങ്കിൽ അവനോട് ചോദിക്കാനുള്ളത് ഇപ്രകാരമാണ്:

● *'വിഗ്രഹപൂജ എന്നാലെന്താണ്?. കല്ലും മരവും കൊണ്ട് നിർമ്മിക്കപ്പെട്ട വിഗ്രഹങ്ങൾ സൃഷ്ടിപ്പുനടത്തുകയും കാര്യങ്ങൾ നിയന്ത്രിക്കുകയും ചെയ്യുന്നവരാണെന്ന് വിഗ്രഹപൂജകർ വിശ്വസിച്ചിരുന്നുവെന്നാണോ താങ്കൾ കരുതുന്നത്?. അത് വിശുദ്ധ ഖുർആനിന്ന് എതിരായ വാദമാണ്.'* [3]

*'മനുഷ്യൻ, കല്ല്, മരം, ഖബ്റുകൾക്കുമീതെയുള്ള എടുപ്പുകൾ മുതലായവയ്ക്കുനേരെ തിരിഞ്ഞു അതിനോട് പ്രാർത്ഥിക്കുക*

3) മുൻകാല മുശ്രിക്കുകളെപ്പറ്റി ഖുർആൻ പറയുന്നത് ഇപ്രകാരമാണ്: "പറയുക: *ആകാശത്തുനിന്നും ഭൂമിയിൽ നിന്നും നിങ്ങൾക്ക് ആഹാരം നൽകുന്നത് ആരാണ്? അതല്ലെങ്കിൽ കേൾവിയും കാഴ്ചകളും അധീനപ്പെടുത്തുന്നതാരാണ്?. ജീവനില്ലാത്തതിൽനിന്നും ജീവനുള്ളതിനേയും ജീവനുള്ളതിൽ നിന്നും ജീവനില്ലാത്തതിനേയും പുറപ്പെടുവിക്കുന്നതും ആരാണ്?. കാര്യങ്ങൾ നിയന്ത്രിക്കുന്നത് ആരാണ്?. അവർ (ആ മുശ്രിക്കുകൾ) പറയും: അല്ലാഹു എന്ന്. അപ്പോൾ പറയുക: എന്നിട്ടും നിങ്ങൾ സൂക്ഷ്മത പാലിക്കുന്നില്ലേ?."* *(വി. ഖു. 10/31)*

*യും അതിൻെറ പേരിൽ മൃഗബലി നടത്തുകയും, അത് തങ്ങളെ അല്ലാഹുവിലേക്കടുപ്പിക്കുകയും അതിൻെറ 'ബർക്കത്തു'കൊണ്ട് തങ്ങളുടെ വിഷമതകൾ ദൂരീകരിക്കപ്പെടുകയും തങ്ങളുടെ ഉദ്ദേശ്യം സഫലമാവുകയും ചെയ്യുമെന്ന് വിശ്വസിക്കുകയും ചെയ്യുന്നതിന്നാണ് ശിർക്ക് എന്ന് പറയുന്നത്'* എന്നാണ് അവൻ പറയുന്നതെങ്കിൽ അവനോട് പറയേണ്ടത്:

○ *'ശരിയാണ്. ഖബ്റുകൾക്കുമീതെയുള്ള എടുപ്പുകൾക്കരികിലും കല്ലുകൾക്കരികിലും നിങ്ങൾ ചെയ്യുന്നതും അതുതന്നെയാണ്.'* (ഫലത്തിൽ അവരുടെ പ്രവൃത്തിയും വിഗ്രഹപൂജയാണെന്ന് അവൻ അംഗീകരിക്കുന്നു.)

? 'വിഗ്രഹങ്ങളെ പൂജിക്കുന്നതേ ശിർക്കാവൂ; സജ്ജനങ്ങളോട് പ്രാർത്ഥിക്കുന്നത് ശിർക്കാവില്ല എന്നാണ് വാദമെങ്കിൽ അത് വിശുദ്ധ ഖുർആനിന്ന് എതിരാണ്. കാരണം, മലക്കുകളോട് പ്രാർത്ഥിച്ചവനേയും ഈസാനബിയോട് പ്രാർത്ഥിച്ചവനേയും വിശുദ്ധ ഖുർആൻ *'കാഫിർ'* (സത്യനിഷേധി) എന്ന് വിളിച്ചിട്ടുണ്ട്. അല്ലാഹുവിന് പുറമെ ആരെ വിളിച്ചുപ്രാർത്ഥിച്ചാലും അത് ശിർക്കാണെന്ന് ഖുർആൻ തറപ്പിച്ചുപറഞ്ഞിട്ടുണ്ട്.'

ചുരുക്കത്തിൽ: താൻ അല്ലാഹുവിൽ പങ്കുചേർക്കുന്നില്ലെന്നു പറഞ്ഞാൽ അവനോട് ചോദിക്കേണ്ടത്:

1. 'ശിർക്ക് എന്ന് പറഞ്ഞാൽ എന്താണ്?.'

*'ശിർക്ക്'* എന്നാൽ *'വിഗ്രഹാരാധന'* എന്നാണ് നിർവചനമെങ്കിൽ, പിന്നെ ചോദിക്കേണ്ടത്:

2. 'എന്താണ് *വിഗ്രഹാരാധന*' എന്നാണ്?.

'ഞാൻ അല്ലാഹുവിന് മാത്രമേ ഇബാദത്ത് ചെയ്യുന്നുള്ളൂ' എന്നാണ് മറുപടിയെങ്കിൽ ചോദിക്കേണ്ടത്:

3. 'അല്ലാഹുവിന്ന് മാത്രമുള്ള ഇബാദത്ത് എന്നാലെന്താണ്?.'

അല്ലാഹുവിന് മാത്രമുള്ള ഇബാദത്തിൻെറ നിർവചനം വിശുദ്ധ ഖുർആൻ വിശദീകരിച്ചുതന്ന രൂപത്തിലാണവൻ നൽകിയതെ

ങ്കിൽ അത് സ്വീകാര്യമാണ്. അതല്ല; അത് അവന്നറിയില്ലെങ്കിൽ പിന്നെ എന്തിനാണവൻ തനിക്കറിയാത്തൊരു കാര്യത്തെപ്പറ്റി സംവദിക്കാൻ നിൽക്കുന്നത്?.

ഖുർആനികാശയത്തിന് വിരുദ്ധമായ വിശദീകരണമാണവൻ നൽകുന്നതെങ്കിൽ വ്യക്തമായ തെളിവുകളിലൂടെ ശിർക്കിൻേറയും വിഗ്രഹാരാധനയുടേയും ശരിയായ സംജ്ഞ അവന്ന് മനസ്സിലാക്കിക്കൊടുക്കേണ്ടതുണ്ട്. വിഗ്രഹപൂജയും ഇന്ന് (നമ്മുടെ ആളുകൾക്കിടയിൽ) നിലവിലുള്ള ശിർക്കിൻേറ രൂപവും ഒന്നുതന്നെയാണെന്ന് അവനെ ബോധ്യപ്പെടുത്തണം.

'യാതൊരുവിധ പങ്കാളിയേയും സങ്കൽപിക്കാതെ അല്ലാഹുവിനെ മാത്രം ആരാധിക്കുക' എന്ന വസ്തുതയാണ് ജനങ്ങൾ നിരാകരിക്കുന്നത്. അത് പറയുമ്പോഴാണ് ചിലർ, മുൻകാല 'മുശ്രിക്കു'കൾ നബി(സ)യോട് ചോദിച്ചപോലെ أجعل الآلهة إلها واحدا إنّ هذا لشيء عجاب എന്ന് അട്ടഹസിക്കുന്നത്.[4]

?*'പൂർവ്വകാല മുശ്രിക്കുകൾ മലക്കുകളോടും പ്രവാചകന്മാരോടും പ്രാർത്ഥിച്ചതുകൊണ്ടല്ല 'മുശ്രിക്കു'കളായത്. മറിച്ച്; അല്ലാഹുവിന്ന് സന്താനാരോപണം നടത്തിയതുകൊണ്ടാണ്. ശൈഖ് അബ്ദുൽ ഖാദിർ ജീലാനിയേയോ മറ്റോ ഞങ്ങളാരും ദൈവപുത്രനാക്കുന്നില്ല.'* എന്നാണവൻ പറയുന്നതെങ്കിൽ അതിനുള്ള മറുപടി:

- 'അല്ലാഹുവിന്ന് സന്താനമുണ്ടെന്ന് വാദിക്കുന്നത് വേറെത്തന്നെ *'കുഫ്ർ'* (സത്യനിഷേധം) ആണ്. സംശയമില്ലാത്ത കാര്യമാണിത്.'

﴿قل هو الله أحد. الله الصمد﴾

*"പറയുക: അല്ലാഹു ഏകനാണ്. അവൻ ഏവർക്കും ആശ്രയമായിട്ടുള്ളവനാകുന്നു." (വി. ഖു. 112/1-4)*

'സുറതുൽഇഖ്ലാസി'നെ നിഷേധിച്ചിട്ടില്ലെങ്കിലും അല്ലാ

4) *"എന്താണ് (മുഹമ്മദ്) ആരാധ്യരെയെല്ലാം ഒന്നാക്കി മാറ്റുകയാണോ ചെയ്തിരിക്കുന്നത്? ഇത് തികച്ചും അത്ഭുതമുള്ള കാര്യമാണ്." (വി. ഖു. 38/5)*

ഹു ഏകനാണെന്നും നിരാശ്രയനാണെന്നുമുള്ള കാര്യം നിഷേധിച്ചാൽ അവൻ കാഫിറായിത്തീരും; തീർച്ച. ഖുർആൻ പറയുന്നത് നോക്കുക: ﴿ما اتخذ الله من ولد وما كان معه من اله.﴾

*"അല്ലാഹു പുത്രനെ സ്വീകരിച്ചിട്ടില്ല. അവനോടൊപ്പം മറ്റൊരു ദൈവവുമുണ്ടായിട്ടുമില്ല...."* *(വി. ഖു. 23/91)*

ഇവിടെ രണ്ടുകാര്യങ്ങളും രണ്ടായിത്തന്നെയാണ് അല്ലാഹു വിശദീകരിച്ചത്. രണ്ടും വെവ്വേറെ കുഫ്ർ (സത്യനിഷേധം) ആണ്. അല്ലാഹു പറയുന്നു:

﴿وجعلوا لله شركاء الجن وخلقهم وخرقوا له بنين وبنات بغير علم
سبحانه وتعالى عما يصفون.﴾

*"അല്ലാഹു അവരെ സൃഷ്ടിച്ചിരിക്കെ അവർ ജിന്നുകളെ അല്ലാഹുവിന് പങ്കുകാരാക്കിയിരിക്കുന്നു! യാതൊരറിവും കൂടാതെ അല്ലാഹുവിന്ന് പുത്രന്മാരേയും പുത്രിമാരേയും അവർ ആരോപിക്കുകയും ചെയ്തിരിക്കുന്നു! അവൻ പറഞ്ഞുണ്ടാക്കുന്നതിൽ നിന്നെല്ലാം അല്ലാഹു എത്രയോ പരിശുദ്ധനും ഉന്നതനുമാകുന്നു."*
*(വി. ഖു. 6/100)*

✹ ലാത്തയേയും ഉസ്സയേയും വിളിച്ചുപ്രാർത്ഥിച്ചിരുന്നവർ, ലാത്തയും ഉസ്സയും മഹാപുരുഷന്മാരായിരുന്നിട്ടുകൂടി ദൈവപുത്രന്മാരാണെന്ന് വാദിച്ചിരുന്നില്ല. ജിന്നിനെ ആരാധിക്കുന്നവരും അങ്ങനെത്തന്നെ. എന്നിട്ടും; അവർ കാഫിറായിത്തീർന്നുവെന്നത് ശ്രദ്ധേയമാണ്.

*മുർത്തദ്ദി*നെ-മതഭ്രഷ്ടനെ-ക്കുറിച്ച അധ്യായത്തിൽ നാലു മദ്ഹബിലെ പണ്ഡിതന്മാരും പറയുന്നത് അതാണ്. മുസ്‌ലിമായ ഒരാൾ അല്ലാഹുവിന് പുത്രനുണ്ടെന്ന് വാദിച്ചാൽ അവൻ (മതഭ്രഷ്ടൻ) ആയിത്തീരുമെന്നാണ്. ദൈവത്തിന് പുത്രനെ ചാർത്തുന്നതും ദൈവേതരരെ ആരാധിക്കുന്നതും രണ്ടും രണ്ടായിത്തന്നെയാണ് അവരും വിശദീകരിച്ചിട്ടുള്ളത്. കാര്യം വളരെ വ്യക്തമാണെന്നർത്ഥം.

ഇനി;

*"അറിയുക : അല്ലാഹുവിൻെറ ഔലിയാക്കൾക്ക് യാതൊന്നും ഭയപ്പെടാനില്ല. അവർ ദു:ഖിക്കുകയുമില്ല."(വി. ഖു. 10/62)* എന്ന വചനം ഉദ്ധരിച്ചുകൊണ്ടാണ് അവൻ സംസാരിക്കുന്നതെങ്കിൽ അവനോട് പറയേണ്ടത്:

● 'സംഗതി വളരെ ശരിയാണ്. പക്ഷേ, അവരെ ആരാധിക്കാൻ പാടില്ല. അവരോട് പ്രാർത്ഥിക്കാൻ പാടില്ല. അല്ലാഹുവിനോടൊപ്പം അവരെ ആരാധിക്കുന്നത് ശിർക്കാണ്. ഔലിയാക്കളെ സ്നേഹിക്കുകയും അവരുടെ കറാമത്ത് അംഗീകരിക്കുകയും അവരെ പിൻപറ്റുകയും വേണം. ഔലിയാക്കളുടെ കറാമത്ത് നിഷേധിക്കുക; *ബിദ്അത്തി*ൻേറയും *ളലാലത്തി*[5]ൻേറയും ആളുകളാണ്. രണ്ടിൻേറയും ഇടയിലുള്ള സത്യമാർഗ്ഗമാണ് ഇസ്ലാം.

## 11

## സമകാലികരുടെ 'ശിർക്ക്' പൂർവ്വീകരുടേതിനേക്കാൾ ഗുരുതരം

സമകാലികരുടെ ശിർക്ക് പൂർവ്വികരുടേതിനേക്കാൾ ഗുരുതരമാണെന്ന് പറയാൻ രണ്ട് കാരണങ്ങളുണ്ട്:

(ഒന്ന്) പൂർവ്വീക മുശ്രിക്കുകൾ അല്ലാഹുവിനോടൊപ്പം മലക്കുകളേയും ഔലിയാക്കളേയും വിഗ്രഹങ്ങളേയുമൊക്കെ വിളിച്ചു തേടിയത് ഐശ്വര്യമുള്ള സമയങ്ങളിലായിരുന്നു. വിഷമ സന്ധികളിൽ അവർ അല്ലാഹുവിനോട് മാത്രമായിരുന്നു പ്രാർത്ഥിച്ചിരുന്നത്. അല്ലാഹു പറയുന്നു:

﴿وإذا مسكم الضر في البحر ضل من تدعون إلا إياه فلما نجاكم الى البر
أعرضتم وكان الإنسان كفورا﴾

---

5) *'ബിദ്അത്ത്'* = മതത്തിൽ പുതുതായി വല്ലതും കടത്തിക്കൂട്ടൽ.
*'ളലാലത്ത്'* = വഴികേട്, മാർഗഭ്രംശം. -വിവ:

*"സമുദ്രത്തിൽ വെച്ച് നിങ്ങൾക്ക് കഷ്ടത നേരിട്ടാൽ നിങ്ങൾ പ്രാർത്ഥിക്കുന്നവരെയെല്ലാം നിങ്ങൾക്ക് ഓർമ്മവിട്ടുപോകും. അല്ലാഹുവിനെ ഒഴികെ. അങ്ങനെ അവൻ നിങ്ങളെ കരയിലേക്ക് രക്ഷപ്പെടുത്തിയാൽ നിങ്ങൾ പിന്മാറിക്കളയും! മനുഷ്യൻ വളരെ നന്ദികെട്ടവൻ തന്നെ!"* *(വി. ഖു. 17/67)*

﴿قل أرأيتكم إن أتاكم عذاب الله أو أتتكم السّاعة أغير الله تدعون إن كنتم صادقين. بل إياه تدعون فيكشف ما تدعون اليه إن شآء وتنسون ماتشركون.﴾

*"പറയുക: അല്ലാഹുവിൻെറ ശിക്ഷ നിങ്ങൾക്ക് വരികയോ നിങ്ങൾക്ക് അന്ത്യനാൾ വരികയോ ചെയ്താൽ അല്ലാഹുവല്ലാത്തവരോട് നിങ്ങൾ പ്രാർത്ഥിക്കുമോ എന്ന് എന്നോട് നിങ്ങൾ പറയുവിൻ, നിങ്ങൾ സത്യം പറയുന്നവരാണെങ്കിൽ. എന്നാൽ, അല്ലാഹുവിനോട് തന്നെയായിരിക്കും നിങ്ങൾ പ്രാർത്ഥിക്കുന്നത്. ഏതൊരു വിഷമം നീങ്ങിക്കിട്ടാൻവേണ്ടിയാണോ നിങ്ങൾ പ്രാർത്ഥിക്കുന്നത്; അത് അവൻ ഉദ്ദേശിച്ചെങ്കിൽ നിങ്ങൾക്ക് നീക്കിക്കിട്ടും. നിങ്ങൾ പങ്കുചേർക്കുന്നവരെ നിങ്ങൾ (ദുർഘടഘട്ടങ്ങളിൽ) മറക്കുകയും ചെയ്യും."* *(വി. ഖു. 6/40, 41)*

﴿وإذا مسّ الإنسان ضرّ دعا ربّه منيبا اليه ثمّ إذا خوّله نعمة منّه نسي ما كان يدعو اليه من قبل وجعل لله أندادا ليضلّ عن سبيله...﴾

*"മനുഷ്യനെ വല്ല ദുരിതവും ബാധിച്ചാൽ അവൻ തൻെറ നാഥൻെറ നേരെ മടങ്ങിയവനായി അവനോട് പ്രാർത്ഥിക്കും. എന്നാൽ, അല്ലാഹു തൻെറ പക്കൽനിന്നുള്ള വല്ല അനുഗ്രഹവും അവന്ന് നൽകിയാൽ അവൻ മുമ്പ് എന്തിനുവേണ്ടിയായിരുന്നുവോ പ്രാർത്ഥിച്ചിരുന്നത് അത് അവൻ മറന്നുപോവും. അല്ലാഹുവിൻെറ മാർഗ്ഗംവിട്ട് വഴിപിഴപ്പിക്കാൻ തക്കവണ്ണം അവൻ അല്ലാഹുവിന് സമന്മാരെ ആക്കുകയും ചെയ്യും. പറയുക : നിൻെറ അവിശ്വാസത്തോട് കൂടി നീ അൽപം സുഖിച്ചുകൊള്ളൂ എന്ന്. നിശ്ചയം, നീ നരകാവകാശികളിൽ പെട്ടവൻ തന്നെയാണ്."* *(വി. ഖു. 39/8)*

﴿وإذا غشيهم موّج كالظلل دعوا الله مخلصين له الدّين.﴾

*"പർവ്വതങ്ങൾ പോലുള്ള തിരമാലകൾ അവരെ മൂടിയാൽ കീഴ്‌വണക്കം അല്ലാഹുവിന് മാത്രമാക്കിക്കൊണ്ട് അവർ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതാണ്...." (വി. ഖു. 31/32)*

✹ <u>സുഖവും ഐശ്വര്യവുമുള്ളപ്പോൾ അല്ലാഹുവിനോടും അല്ലാഹുവല്ലാത്തവരോടും പ്രാർത്ഥിച്ചിരുന്ന അതേ 'മുശ്‌രിക്കു'കൾ തന്നെ വിഷമസന്ധികളിൽ അല്ലാഹുവിനോട് മാത്രമായിരുന്നു പ്രാർത്ഥിച്ചിരുന്നത് എന്നാണ് ഖുർആൻ നമുക്ക് മനസ്സിലാക്കിത്തരുന്നത്.</u> അങ്ങനെയുള്ള മുശ്‌രിക്കുകളോടാണ് റസൂൽ(സ) യുദ്ധം ചെയ്തത്.

ഇത് മനസ്സിലാക്കിക്കഴിഞ്ഞാൽ പിന്നെ 'സമകാലിക മുശ്‌രിക്കുക'ളും പൂർവ്വിക മുശ്‌രിക്കുകളും തമ്മിലുള്ള വ്യത്യാസം വ്യക്തമാവും. എന്നാൽ, ഈ വിഷയം ഗൗരവപൂർവ്വം മനസ്സിലാക്കുന്നവർ എത്രപേരുണ്ട്? (والله المستعان).

(രണ്ട്) പൂർവ്വകാല മുശ്‌രിക്കുകൾ വിളിച്ചുപ്രാർത്ഥിച്ചിരുന്നത്, പ്രവാചകന്മാർ, ഔലിയാക്കൾ, മലക്കുകൾ, തുടങ്ങി ദൈവസാമീപ്യം ലഭിച്ചവരോടായിരുന്നു. അതല്ലെങ്കിൽ അല്ലാഹുവിന്ന് പ്രകൃത്യാ കീഴ്പെട്ട കല്ലുകളോടും മരങ്ങളോടും. അല്ലാഹുവിനോട് ധിക്കാരം കാണിക്കുന്നവരോട് അവർ ഒരിക്കലും പ്രാർത്ഥിച്ചിരുന്നില്ല.

എന്നാൽ, സമകാലികരോ?. മനുഷ്യരിൽ വെച്ചേറ്റവും ദുഷ്ടരായ ആളുകളോടും!. വ്യഭിചാരം, മോഷണം, നമസ്കാരം ത്യജിക്കൽ തുടങ്ങിയ തെമ്മാടിത്തം ചെയ്യുന്നവരെന്ന് അറിയപ്പെട്ടവരോട്!.

സജ്ജനങ്ങളെക്കുറിച്ചും , ദൈവധിക്കാരമെന്തെന്നറിയാത്ത കല്ലുകളേയും മരങ്ങളേയും സംബന്ധിച്ചുമുള്ള വിശ്വാസത്തേക്കാൾ ഗുരുതരമാണല്ലോ തെമ്മാടിത്തവും കുഴപ്പവും പ്രകടമായവരെപ്പറ്റിയുള്ള ഈ വിശ്വാസം!.

## (12)

## മതത്തിൻെറ ചില നിർബന്ധകാര്യങ്ങൾ നിർവഹിക്കുന്നവൻ തൗഹീദിന്നു വിരുദ്ധമായ പ്രവൃത്തി ചെയ്താലും കാഫിറാവുകയില്ലെന്ന വാദം!.

സമകാലിക മുശ്‌രിക്കുകളുടേതിനേക്കാൾ താരതമ്യേന ഗൗരവം കുറഞ്ഞതായിരുന്നു നബി(സ) യുദ്ധംചെയ്ത മുശ്‌രിക്കുകളുടെ ശിർക്ക്. അവർ സമകാലികരേക്കാൾ ശരിയായി ചിന്തിക്കുന്നവരായിരുന്നു. ഇത് വ്യക്തമായിക്കഴിഞ്ഞാൽ സമകാലികർ ഉന്നയിക്കുന്ന മറ്റുചില തെറ്റിദ്ധാരണകൾകൂടി മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്. അതിപ്രകാരമാണ്:

?'ആരുടെ വിഷയത്തിലാണോ വിശുദ്ധ ഖുർആൻ അവതരിച്ചത്; അവർ *'ലാഇലാഹ ഇല്ലല്ലാഹ്'* എന്ന് അംഗീകരിക്കുന്നവരായിരുന്നില്ല. അവർ റസൂൽ(സ)യെ നിഷേധിച്ചിരുന്നു. പുനരുത്ഥാന ജീവിതത്തെ തളളിക്കളഞ്ഞിരുന്നു. അവർ ഖുർആനിനെ മാരണവിദ്യയാണെന്ന് പറഞ്ഞു തളളുകയായിരുന്നു. എന്നാൽ, ഞങ്ങൾ അങ്ങനെയല്ല; ഞങ്ങൾ *'ലാഇലാഹ ഇല്ലല്ലാഹ്'* അംഗീകരിക്കുന്നുണ്ട്. മുഹമ്മദ് നബി(സ) അല്ലാഹുവിൻെറ പ്രവാചകനാണെന്ന് അംഗീകരിക്കുന്നുണ്ട്. പുനരുത്ഥാന ദിനത്തിൽ വിശ്വസിക്കുന്നുണ്ട്. നമസ്കരിക്കുകയും നോമ്പനുഷ്ഠിക്കുകയും ചെയ്യുന്നുണ്ട്. പിന്നെയെങ്ങനെയാണ് ഞങ്ങളും അവരും തുല്യരാവുന്നത്?.

മറുപടി: റസൂൽ(സ) കൊണ്ടുവന്ന ഒരു കാര്യം വിശ്വസിക്കുകയും മറ്റൊരുകാര്യം നിഷേധിക്കുകയും ചെയ്യുന്നവൻ ഇസ്‌ലാമിൽ പ്രവേശിക്കാത്ത (കാഫിറാണെന്ന) കാര്യത്തിൽ പണ്ഡിതന്മാർക്കിടയിൽ അഭിപ്രായാന്തരമില്ല. ഖുർആനിലെ ചില കാര്യങ്ങൾ അംഗീകരിക്കുകയും ചില കാര്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നവൻെറ സ്ഥിതിയും അതുതന്നെ. ഒരാൾ തൗഹീദ് അംഗീകരിക്കുന്നു; ഹജ്ജിനെ നിഷേധിക്കുന്നു. അതല്ലെങ്കിൽ; നോമ്പിനെ മാത്രം നിഷേധിക്കുന്നു. എങ്കിൽ ഇത്തരമൊരാൾ കാഫിറാണെന്ന കാര്യ

ത്തിൽ യാതൊരു സംശയവുമില്ല.

റസൂൽ(സ)യുടെ കാലത്ത് ചിലർ ഹജ്ജിനെ അംഗീകരിക്കാൻ കൂട്ടാക്കാതിരുന്നപ്പോൾ അല്ലാഹു ഖുർആൻ വചനം അവതരിപ്പിച്ചു:

﴿ولله على الناس حج البيت من استطاع إليه سبيلا ومن كفر فإن الله غني عن العالمين.﴾

*"ആ ഭവനത്തിലേക്കു(മസ്ജിദുൽ ഹറാമിലേക്കു)ള്ള ഹജ്ജ് തീർത്ഥയാത്ര ജനങ്ങൾക്ക് ബാധ്യതയാകുന്നു. അതിന്നുള്ള വഴി സൗകര്യപ്പെട്ടവർക്ക്. ആരെങ്കിലും നിഷേധിക്കുന്നപക്ഷം അല്ലാഹു ജനങ്ങളിൽ നിന്ന് നിരാശ്രയനാകുന്നു." (വി. ഖു. 3/97)*

❑ തൗഹീദ്, നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ എല്ലാ കാര്യങ്ങളും അംഗീകരിക്കുന്ന ഒരാൾ പുനരുത്ഥാന നാളിനെ നിഷേധിക്കുന്നുവെങ്കിൽ അവനും *'കാഫിറാണ്'*. അവൻെറ രക്തവും ധനവും അനുവദനീയമായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു.

അല്ലാഹു പറയുന്നു:

﴿إنّ الذين يكفرون بالله ورسله ويريدون أن يفرّقوا بين الله ورسله ويقولون نؤمن ببعض ونكفر ببعض ويريدون أن يتّخذوا بين ذلك سبيلا. أولئك هم الكافرون حقا..﴾

*"അല്ലാഹുവിലും അവൻെറ ദൂതന്മാരിലും അവിശ്വസിക്കുകയും അല്ലാഹുവിന്നും അവൻെറ ദൂതന്മാർക്കുമിടയിൽ വിശ്വാസകാര്യത്തിൽ വിവേചനം കൽപിക്കാൻ ആഗ്രഹിക്കുകയും ചിലരിൽ ഞങ്ങൾ വിശ്വസിക്കുകയും ചിലരെ ഞങ്ങൾ നിഷേധിക്കുകയും ചെയ്യുന്നുവെന്നുപറയുകയും...... ചെയ്യുന്നവരാരോ അവരത്രെ 'കാഫിറീങ്ങൾ'. അവിശ്വാസികൾക്ക് നിന്ദ്യമായ ശിക്ഷ നാം ഒരുക്കിവെച്ചിട്ടുണ്ട്."*

*(വി. ഖു 4/150. 151)*

ചില കാര്യങ്ങളിൽ വിശ്വസിക്കുകയും ചില കാര്യങ്ങൾ നിഷേധിക്കുകയും ചെയ്യുന്നവൻ കാഫിറാണെന്ന് അല്ലാഹു വ്യക്തമാക്കിയിരിക്കെ ഇവ്വിഷയകമായി ഇനി യാതൊരു സംശയവും നിലനിൽക്കുന്നില്ല.

'*ഇഹ്സാഅ്*' എന്ന സ്ഥലത്തുള്ള ഒരാൾ എനിക്കയച്ച ഒരു കത്തിൽ ഉന്നയിച്ച ന്യായവാദങ്ങളാണ് മുകളിൽ ഉദ്ധരിച്ചത്.

നബി(സ)യെ എല്ലാ കാര്യങ്ങളിലും അംഗീകരിച്ച ഒരാൾ നമസ്കാരത്തിൻെറ അനിവാര്യതയെ നിഷേധിച്ചാൽ അവൻ കാഫിറാണെന്നും അവൻെറ രക്തം അനുവദനീയമാണെന്നുമുള്ള കാര്യത്തിൽ മുസ്ലിം സമുദായം ഏകീകരിച്ചിരിക്കുന്നു. അതുപോലെ എല്ലാകാര്യങ്ങളും അംഗീകരിച്ച് പുനരുത്ഥാനം മാത്രം അംഗീകരിക്കുന്നില്ലെങ്കിൽ; -അതല്ലെങ്കിൽ റമസാൻ വ്രതം മാത്രം നിഷേധിച്ചാൽ- അവനും കാഫിറാണ്. ഇതിലൊന്നും മദ്ഹബുകൾക്കിടയിൽ പക്ഷാന്തരമില്ല. ഖുർആൻ തന്നെ വ്യക്തമാക്കിയ കാര്യമാണിത്.

നബി(സ) കൊണ്ടുവന്ന ഏറ്റവും മുഖ്യമായ ബാധ്യത തൗഹീദാണെന്നും അത് നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ്, തുടങ്ങിയ എല്ലാറ്റിനേക്കാളും മുഖ്യമാണെന്നും വ്യക്തമായ കാര്യമാണ്. അപ്പോൾ പിന്നെ നമസ്കാരം, നോമ്പ്, സകാത്ത്, ഹജ്ജ് തുടങ്ങിയ ഏതെങ്കിലുമൊരു കാര്യത്തെ നിഷേധിച്ച ഒരാൾ നബി(സ) കൊണ്ടുവന്ന മറ്റുള്ള എല്ലാ കാര്യങ്ങളും അംഗീകരിച്ചാൽ പോലും '*കാഫിറാ*'വുകയും പ്രവാചകന്മാരെല്ലാം പ്രബോധനം ചെയ്ത അടിസ്ഥാനാദർശമായ '*തൗഹീദ്*' നിഷേധിച്ചവൻ കാഫിറാവാതിരിക്കുകയും ചെയ്യുന്നതെങ്ങനെ?. ഇതിനേക്കാൾ വലിയ ഒരു വിഡ്ഢിത്തം മറ്റെന്തുണ്ട്?.

● നബി(സ)യിൽ വിശ്വസിച്ച, '*ലാഇലാഹഇല്ലല്ലാഹ്*' അംഗീകരിച്ചുജീവിച്ച, ബാങ്കും നമസ്കാരവും നിലനിർത്തിപ്പോന്ന ആളുകളായിരുന്നു ബനൂഹനീഫ. അവരോട് റസൂൽ(സ)യുടെ സ്വഹാബികൾ യുദ്ധം ചെയ്തു. മുസൈലിമ നബിയാണെന്ന് വാദിച്ച കാരണം മാത്രം!.

ഒരു മനുഷ്യനെ പ്രവാചക പദവിയിലേക്ക് ഉയർത്തിയതാണ് അവർ കാഫിറായിത്തീരാൻ കാരണം. അവരുടെ നമസ്കാരവും നോമ്പും '*ശഹാദത്ത് കലിമ*'യും അവർക്ക് ഒരു ഫലവും ചെയ്തില്ല!. എങ്കിൽ പിന്നെ, ഏതെങ്കിലുമൊരു നബിയേയോ ഒരു സ്വഹാ

ബിയേയോ ശംസാൻ, യുസുഫ് തുടങ്ങിയ ഏതെങ്കിലും വ്യക്തിയേയോ പ്രപഞ്ചനാഥൻെറ പദവിയിലേക്കുയർത്തിയാൽ സ്ഥിതിയെന്തായിരിക്കും?. അവൻ കാഫിറാണെന്ന് പറയേണ്ടതുണ്ടോ?.

﴿كذلك يطبع الله على قلوب الذين لا يعلمون﴾.

*"കാര്യം മനസ്സിലാക്കാത്തവരുടെ ഹൃദയത്തിൽ അപ്രകാരം അല്ലാഹു മുദ്രവെക്കുന്നതാണ്."* *(വി. ഖു. 30/59)*

● അഗ്നിശിക്ഷ നൽകാൻ അലി(റ)വിധിച്ചതും ഒരുവിഭാഗം 'മുസ്ലിംകൾക്കു'തന്നെയായിരുന്നു. അവർ അലി(റ)ൻെറ സഖാക്കളിൽ പെട്ടവരും സ്വഹാബാക്കളിൽ നിന്ന് വിജ്ഞാനം നേടിയവരുമായിരുന്നു. പക്ഷെ, അലി(റ)വിനെക്കുറിച്ച് അവർ വിശ്വസിച്ചത് യുസുഫ്, ശംസാൻ മുതലായവരെക്കുറിച്ച ചിലരുടെ വിശ്വാസം പോലെയായിരുന്നു. എന്നാൽ, സ്വഹാബികൾ അവർ 'കാഫിറാ'ണെന്ന് വിധിച്ചു. അവരെ കൊല്ലാൻ കൽപിച്ചു. മുസ്ലിംകളെ 'കാഫിറാ'യി മുദ്രയടിക്കാൻ സ്വഹാബികൾ തയ്യാറാവുമെന്ന് നിങ്ങൾ വിശ്വസിക്കുന്നുണ്ടോ?. താജ്, യുസുഫ്, ശംസാൻ[6] മുതലായവരെക്കുറിച്ച വിശ്വാസത്തിന് യാതൊരു കുഴപ്പവുമില്ലെന്നും അലി(റ)വിനെക്കുറിച്ച് അങ്ങനെ വിശ്വസിച്ചാൽ മാത്രമേ കാഫിറാവൂ എന്നുമാണോ!?.

* * *

'അബ്ബാസിയ്യാ' കാലത്ത് മൊറോക്കോയിലും ഈജിപ്തിലും ആധിപത്യമുണ്ടായിരുന്ന 'ഉബൈദുൽ ഖദ്ദാഹി'ൻെറ സന്തതികളും *'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മദുർ-റസൂലുല്ലാഹ്'* എന്ന ശഹാദത്ത് കലിമയിൽ വിശ്വസിച്ചിരുന്നു. അവർ മുസ്ലിംകളാണെന്ന് വാദിച്ചിരുന്നു. അവർ ജുമുഅയും ജമാഅത്തും നിലനിർത്തിയിരുന്നു. പക്ഷേ, നാം ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതിനേക്കാൾ നിസ്സാരമായ ചില ശരീഅത്തുവിധികളിൽ അവർ എതിരു പ്രവർത്തിച്ചപ്പോൾ പണ്ഡിതന്മാർ ഒന്നടങ്കം അവരെ മതഭ്രഷ്ടരായി മുദ്രകു

6) മുഹ്യുദ്ദീൻ ശൈഖ്, രിഫാഈ ശൈഖ് തുടങ്ങിയവരെക്കുറിച്ച സങ്കൽപവും അങ്ങനെത്തന്നെ. -വിവ:

ത്തി! അവരോട് പോരാടാൻ കൽപ്പിച്ചു. അവരുടെ നാട് *'ദാറുൽഹർബ്'* ആയി പ്രഖ്യാപിച്ചു. മുസ്‌ലിംകൾ അവരോട് യുദ്ധംചെയ്ത് അവരുടെ കൈകളിൽ നിന്ന് ആ രാജ്യത്തെ മോചിപ്പിക്കുകയുണ്ടായി!.

മുൻകാല മുശ്‌രിക്കുകൾ ശിർക്ക് ചെയ്യുകയും പ്രവാചകൻ (സ)യേയും വിശുദ്ധ ഖുർആനിനേയും പുനരുത്ഥാനത്തേയും നിഷേധിക്കുകയും ചെയ്തതുകൊണ്ടാണ് 'കാഫിറാ'യിത്തീർന്നത് എന്നാണ് വാദമെങ്കിൽ; എല്ലാ മദ്ഹബുകളിലേയും പണ്ഡിതന്മാർ *'മുർതദ്ദിനെ(മതഭ്രഷ്ടനെ)ക്കുറിച്ച മതവിധി'* എന്നപേരിൽ ഒരു പ്രത്യേക അധ്യായം തന്നെ രചിച്ചതെന്തിനാണ്?. മുസ്‌ലിമായതിനു ശേഷം കാഫിറായിത്തീരുന്നവനെപ്പറ്റിയാണല്ലോ *'മുർതദ്ദ്'* എന്ന് പറയുന്നത്. 'മുർതദ്ദു'കളുടെ ഗണത്തിൽ തന്നെ വിവിധ തരക്കാരുണ്ട്. എല്ലാതരക്കാരും ഇസ്‌ലാമിൽ നിന്ന് പുറത്തുപോയവരാണ്. അവരുടെ രക്തവും ധനവും (ഇസ്‌ലാമിക ഗവൺമെൻറിന്) അനുവദനീയമായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്. വളരെ നിസ്സാരമായി കണക്കാക്കപ്പെടുന്ന ഒരു കാര്യത്തിൻെറ പേരിൽ പോലും -ഉദാഹരണത്തിന് മനസ്സിൽ ഉദ്ദേശിക്കാതെ നാവുകൊണ്ട് പറയുന്ന ഒരു വാചകത്തിൻെറ പേരിൽപോലും- അത് കളിയായാലും തമാശയായാലും- കാഫിറായിത്തീരുമെന്ന് പണ്ഡിതന്മാർ പ്രസ്താവിച്ചിട്ടുണ്ട്.

സുറതുത്തൗബയിൽ അല്ലാഹു പറയുന്നു:

﴿يحلفون بالله ما قالوا ولقد قالوا كلمة الكفر وكفروا بعد اسلامهم﴾

*"അവർ (അങ്ങനെ) പറഞ്ഞിട്ടില്ലെന്ന് അല്ലാഹുവിനെക്കൊണ്ട് അവർ സത്യം ചെയ്യും. സത്യമായും അവർ അവിശ്വാസത്തിൻെറ വാക്ക് പറയുകയും ഇസ്‌ലാം സ്വീകരിച്ചശേഷം അവിശ്വാസികളാവുകയും ചെയ്തിരിക്കുന്നു......"* *(വി. ഖു. 9/74)*

❑ അല്ലാഹു അവരെ *'കാഫിറായി'* പ്രഖ്യാപിച്ചത് ഒരൊറ്റ വാചകത്തിൻെറ പേരിലാണ്. അവർ റസൂൽ തിരുമേനിയോടൊപ്പം യുദ്ധം ചെയ്യുകയും നമസ്കരിക്കുകയും സകാതു നൽകുകയും ഹജ്ജ് ചെയ്യുകയും അല്ലാഹുവിൻെറ ഏകത്വം അംഗീകരിക്കുകയു

മൊക്കെ ചെയ്യുന്നവരായിരുന്നു.

മറ്റൊരിടത്ത് അല്ലാഹു പറയുന്നത് നോക്കൂ:

﴿قل أبالله وآياته ورسوله كنتم تستهزءون. لا تعتذروا قد كفرتم بعد ايمانكم﴾

*"......പറയുക: അല്ലാഹുവേയും അവന്റെ ദൃഷ്ടാന്തങ്ങളേയും അവന്റെ ദൂതനേയുമാണോ നിങ്ങൾ പരിഹസിച്ചുകൊണ്ടിരിക്കുന്നത്?. നിങ്ങൾ ഒഴിവുകഴിവുകളൊന്നും പറയേണ്ട. വിശ്വസിച്ചതിനുശേഷം നിങ്ങൾ അവിശ്വസിച്ചുകഴിഞ്ഞിരിക്കുന്നു........"*

*(വി. ഖു. 9/65, 66)*

● ഇസ്‌ലാം വിശ്വസിച്ച ശേഷം അതിൽനിന്ന് ഭ്രഷ്ടരായവരെപ്പറ്റിയാണിവിടെ അല്ലാഹു വ്യക്തമാക്കിയത്. അവർ റസൂൽ(സ)യോടൊപ്പം തബൂക്ക് യുദ്ധത്തിൽ പങ്കെടുത്തവരാണ്. തമാശയായിക്കൊണ്ട് ചില കാര്യങ്ങൾ സംസാരിച്ചതാണ് അവരുടെ 'മതഭ്രഷ്ടി'ന് കാരണം. അപ്പോൾ, കാര്യം എത്ര ഗുരുതരമാണെന്ന് ചിന്തിച്ചുനോക്കുക!.

*'ലാഇലാഹ ഇല്ലല്ലാഹ്'* എന്ന തൗഹീദിന്റെ വചനം ഉച്ചരിച്ച, നോമ്പും നമസ്കാരവും നിർവ്വഹിക്കുന്ന ആളുകളെക്കുറിച്ച് *'കാഫിർ'* എന്ന് പറയാമോ എന്ന ആശങ്ക ഇതോടെ ഇല്ലാതായി.

മറ്റൊരു തെളിവ് നോക്കൂ:

*'തഖ്‌വ'*യും വിജ്ഞാനവുമുള്ള, ഇസ്‌ലാം വിശ്വസിച്ച ഇസ്രായീല്യർ തന്നെ ഒരിക്കൽ മൂസാനബിയോട് ഇപ്രകാരം പറയുകയുണ്ടായി: ﴿اجعل لنا إلها كما لهم آلهة﴾

*"(മൂസാ!), ഇവർക്ക് (പല) ദൈവങ്ങളുള്ളതുപോലെ ഞങ്ങൾക്കും ഒരു ദൈവത്തെ നീ ഏർപ്പെടുത്തിത്തരണം...."(വി. ഖു. 7/138)*

സ്വഹാബികളിൽ ചിലർ റസൂൽ(സ)യോട് ആവശ്യപ്പെട്ടു:

(اجعل لنا ذات أنواط كما لهم ذات أنواط)

*"അവർക്കുള്ളതുപോലെ ഞങ്ങൾക്കും ഒരു 'ദാത്തുഅൻവാത്' (പുണ്യസങ്കൽപത്തോടെ വാൾ തൂക്കിയിടുന്ന, കൊളുത്തുക*

*ുള്ള ഒരു വൃക്ഷം) ഏർപ്പെടുത്തിത്തരണം."*

❑ അതിന്ന് നബി(സ)യുടെ പ്രതികരണമെന്തായിരുന്നുവെന്നോ?.

'മൂസാനബിയുടെ അനുയായികൾ മൂസാനബിയോട് ചോദിച്ച (ഉപര്യുക്ത) ചോദ്യത്തോട് തുല്യമാണിത്' എന്നായിരുന്നു റസൂൽ തിരുമേനിയുടെ മറുപടി. നോക്കൂ, പ്രശ്നം എത്ര ഗുരുതരമാണെന്ന്!.

(13)

## അജ്ഞതമൂലം ശിർക്കിൽ അകപ്പെട്ട് പിന്നീട് പശ്ചാതപിച്ച മുസ്ലിമിൻെറ വിധി

? 'മൂസാനബി(അ)യോട് *'ഇലാഹി'*നെ ഏർപ്പെടുത്തിത്തരാനാവശ്യപ്പെട്ട ഇസ്രായീല്യരോ, മുഹമ്മദ് നബി(സ)യോട് *'ദാതുഅൻവാത്'* ആവശ്യപ്പെട്ട സ്വഹാബികളോ കാഫിറായിട്ടില്ലല്ലോ' എന്നാണ് അവർ (ശിർക്ക് ചെയ്യുന്നവർ) ഉന്നയിക്കുന്ന ഒരു സന്ദേഹം!.

മറുപടി: 'സംഗതി ശരിയാണ്. ഇസ്രായീല്യർ തങ്ങളുടെ ആവശ്യത്തിൽ നിന്ന് പിൻവാങ്ങി. നബി(സ)യോട് *'ദാതുഅൻവാത്'* ചോദിച്ച സ്വഹാബികളും തങ്ങളുടെ ആവശ്യത്തിൽ നിന്നു പിൻവാങ്ങി. അവർ അതിൽ നിന്ന് പിൻവാങ്ങാതെ ഉറച്ചുനിന്നിരുന്നെങ്കിൽ തീർച്ചയായും അവരും കാഫിറായിപ്പോകുമായിരുന്നു. ഇതെല്ലാം മനസ്സിലാക്കിത്തരുന്ന ഒരു വസ്തുതയുണ്ട്. മുസ്ലിമായൊരു വ്യക്തിതന്നെ -അവൻ വിവരസ്ഥനാണെങ്കിൽ പോലും- ചിലപ്പോൾ അറിയാതെ 'ശിർക്കിൽ' അകപ്പെടാനിടയുണ്ട്. അതിനാൽ, ശിർക്കിൻേറതായ അത്തരം മാർഗ്ഗങ്ങളെക്കുറിച്ചറിയുകയും സൂക്ഷ്മത പുലർത്തുകയും ചെയ്യേണ്ടതനിവാര്യമാണ്.

○ *'തൗഹീദ്'* എന്താണെന്ന് ഞങ്ങൾക്കറിയാം എന്ന് പാമരനായൊരാൾ പറഞ്ഞാൽ അതാണ് ഏറ്റവും വലിയ വിഡ്ഢിത്തം. പിശാചിൻെറ കെണിയാണത്. ഇതും നാം മനസ്സിലാക്കിയിരിക്കേണ്ടതുണ്ട്.

*'മുജ്തഹിദായ'* ഒരു മുസ്‌ലിം ആലോചനയില്ലാതെ കുഫ്റിന്റേതായ ഒരു വാചകം ഉരുവിട്ടുപോവുകയും, ശേഷം അതിനെക്കുറിച്ച് ഉൽബോധിപ്പിക്കപ്പെട്ടപ്പോൾ ഉടനെ പശ്ചാതപിക്കുകയും ചെയ്താൽ അവൻ കാഫിറായിത്തീരുകയില്ല. ഇസ്രായീല്യരും *'ദാതുഅൻവാത്'* ആവശ്യപ്പെട്ട സ്വഹാബികളും ചെയ്തത് അതാണ്.

○ ഒരാൾ കാഫിറായിത്തീർന്നിട്ടില്ലെങ്കിൽ തന്നെ, കാഫിറായിത്തീരാൻ ഇടവരുത്തുന്ന വാചകങ്ങൾ ഉച്ചരിക്കുകയാണെങ്കിൽ അവനെ താക്കീത് ചെയ്യേണ്ടതുണ്ട്. നബി(സ)യുടെ പ്രവർത്തനത്തിൽ നിന്ന് നമുക്ക് മനസ്സിലാക്കാൻ കഴിയുന്ന കാര്യമതാണ്.

## (14)

**'*ലാഇലാഹ ഇല്ലല്ലാഹ്*' എന്ന് ഉച്ചരിച്ചാൽ മതി; അതിന്നെതിരായ പ്രവൃത്തിചെയ്താലും കുഴപ്പമില്ലെന്ന വാദത്തിന്റെ ഖണ്ഡനം.**

*'ലാഇലാഹ ഇല്ലല്ലാഹ്'* എന്ന് ചൊല്ലിയ ഒരാളെ ഉസാമ(റ) കൊലപ്പെടുത്തിയപ്പോൾ നബി(സ) അദ്ദേഹത്തെ വിമർശിക്കുകയുണ്ടായി. അതുപോലെ നബി(സ) ഒരിക്കൽ ഇപ്രകാരം പ്രസ്താവിക്കുകയുണ്ടായി:

*"ജനങ്ങൾ 'ലാഇലാഹ ഇല്ലല്ലാഹ്' എന്ന് പറയുന്നതുവരെ അവരോട് യുദ്ധം ചെയ്യാൻ ഞാൻ കൽപിക്കപ്പെട്ടിരിക്കുന്നു."*

ഇതേ രൂപത്തിലുള്ള വേറെയും ചില നബിവചനങ്ങളുണ്ട്.

*'ലാഇലാഹ ഇല്ലല്ലാഹ്'* എന്നുപറയുന്ന ഒരാളും എന്തുതെറ്റുചെയ്താലും കാഫിറാവില്ലെന്നും അവരോട് യുദ്ധംചെയ്യാൻ പാടില്ലെന്നുമുള്ളതിന്നു തെളിവാണിതെന്ന് അജ്ഞരായ ആളുകൾ പറയുന്നു. അത്തരം ആളുകളോട് നമുക്ക് ചോദിക്കാനുള്ളത് ഇപ്രകാരമാണ്: *'ലാഇലാഹ ഇല്ലല്ലാഹ്'* എന്ന് പറഞ്ഞിരുന്ന യഹൂദികളോട് നബി(സ) എന്തിനാണ് യുദ്ധം ചെയ്തത്?. അവരെ ബന്ദികളാക്കിയത് എന്തിനായിരുന്നു?. നബി(സ)യു

**ടെ അനുചരന്മാർ ബനൂഹനീഫക്കാരോട് യുദ്ധം ചെയ്തത് എന്തിനായിരുന്നു?. അവർ *'ലാഇലാഹ ഇല്ലല്ലാഹ് മുഹമ്മ ദുർറസൂലുല്ലാഹ്'* എന്ന കലിമതുത്തൗഹീദ് അംഗീകരിക്കുന്നവരും നമസ്കരിക്കുന്നവരും മുസ്ലിമാണെന്ന് വാദിക്കുന്നവരുമായിരുന്നല്ലോ?. അതുപോലെ അലി(റ) അഗ്നി ശിക്ഷ നൽകാൻ വിധിച്ചതും *'ലാഇലാഹ ഇല്ലല്ലാഹ്'* എന്നു പറയുന്നവർക്കായിരുന്നല്ലോ?.**

മരണാനന്തര ജീവിതത്തെ നിഷേധിക്കുന്ന ആളുകൾ *'ലാഇലാഹ ഇല്ലല്ലാഹ്'* എന്ന് അംഗീകരിച്ചാൽ തന്നെയും കാഫിറായിത്തീരുമെന്ന് ഈ അജ്ഞന്മാർ അംഗീകരിക്കുന്നുണ്ട്. അപ്പോൾപിന്നെ ഇസ്ലാമിൻെറ മൗലികാടിത്തറയായ തൗഹീദിനെ നിഷേധിക്കുന്ന ഒരാൾ എങ്ങനെ കാഫിറാവാതിരിക്കും?.

● എന്നാൽ, ഉപര്യുക്ത ഹദീസുകളുടെ ആശയം എതിരാളികൾ മനസ്സിലാക്കിയിട്ടില്ല. താൻ കൊലചെയ്ത വ്യക്തി യഥാർത്ഥത്തിൽ ഇസ്ലാം വിശ്വസിച്ചിരുന്നില്ലെന്നും തൻെറ വാളിൽനിന്ന് രക്ഷപ്പെടാൻ വേണ്ടിയാണ് لا إله إلا الله എന്നുപറഞ്ഞത് എന്നുമുള്ള ഉസാമ(റ)യുടെ അഭിപ്രായത്തെയാണ് റസൂൽ(സ) വിമർശിച്ചത്. ഒരാൾ മുസ്ലിമാണെന്ന് സമ്മതിച്ചുകഴിഞ്ഞാൽ അതിന്നെതിരായ വല്ല കാര്യവും കാണുന്നതുവരെ അയാൾക്കെതിരായ നടപടി നിർത്തിവെക്കണം. അതിനെക്കുറിച്ചാണ് അല്ലാഹു *സൂറത്തുന്നിസാഇൽ* ഇപ്രകാരം പറഞ്ഞത്:

﴿يا أيها الذين آمنوا إذا ضربتم في سبيل الله فتبينوا...﴾

*"വിശ്വസിച്ചവരേ!, നിങ്ങൾ അല്ലാഹുവിൻെറ മാർഗ്ഗത്തിൽ യുദ്ധത്തിനുപോയാൽ (ശത്രു ആരെന്നും മിത്രം ആരെന്നും) നിങ്ങൾ വ്യക്തമായി മനസ്സിലാക്കണം. നിങ്ങൾക്ക് സലാം അർപ്പിച്ചവരോട് നീ വിശ്വാസിയല്ല എന്ന് നിങ്ങൾ പറയരുത്.... (വി. ഖു. 4/94)*

❑ ഇസ്ലാമിന്ന് എതിരായ വല്ല കാര്യവും പ്രകടമായാൽ അവനെ വധിക്കാം. അതുകൊണ്ടാണ് فتبينوا *(നിങ്ങൾ ഉറപ്പുവരുത്തുക)*

എന്ന് പറഞ്ഞിട്ടുള്ളത്. തീരേ കൊലചെയ്യാൻ പാടില്ലായിരുന്നുവെങ്കിൽ فَتَبَيَّنُوا *(നിങ്ങൾ ഉറപ്പുവരുത്തുക)* എന്ന് പറയേണ്ടിയിരുന്നില്ലല്ലോ.

മുകളിൽ ഉദ്ധരിച്ച രണ്ടാം നബിവചനത്തിൻെറ ആശയവും ഇതുതന്നെ. ഒരാൾ മുസ്‌ലിമാണെന്ന് സമ്മതിച്ചാൽ അവൻെറ വാക്ക് സ്വീകരിക്കണം. പിന്നീട് അതിന്നെതിരായ വല്ല കാര്യവും ഉണ്ടാവുന്നതുവരെ അവന്നെതിരായ നടപടി നിർത്തിവെക്കണം. ഇസ്ലാംവിരുദ്ധ നിലപാടുകൾ പ്രത്യക്ഷപ്പെട്ടാൽ മാത്രമേ അവന്നെതിരെ മറ്റുമാർഗ്ഗങ്ങൾ സ്വീകരിക്കാവൂ എന്നാണ് അതിൻെറ പൊരുൾ.

*'ലാഇലാഹ ഇല്ലല്ലാഹ്'* എന്നു പറഞ്ഞതിനുശേഷവും താങ്കൾ അവനെ വധിച്ചുവോ എന്നുചോദിച്ച, 'ജനങ്ങൾ لا إله إلا الله എന്ന് പറയുന്നതുവരെ അവരോട് പോരാടാൻ ഞാൻ കൽപ്പിക്കപ്പെട്ടിരിക്കുന്നു' എന്നു പ്രസ്താവിച്ച, നബിതിരുമേനിതന്നെ 'ഖവാരിജു'കളെക്കുറിച്ചു പറഞ്ഞത് നോക്കൂ:

*"നിങ്ങൾ അവരെ എവിടെവെച്ച് കണ്ടുമുട്ടിയാലും അവരെ വധിച്ചുകളയുക. ഞാൻ അവരെ കണ്ടുമുട്ടിയാൽ, ആദ് സമൂഹം കൊലചെയ്യപ്പെട്ടതുപോലെ അവരെ കൊന്നുകളയും."*

○ ആരായിരുന്നു *'ഖവാരിജുകൾ?'*

ജനങ്ങളിൽ വെച്ച് ഏറ്റവുമേറെ 'ഇബാദത്ത്' ചെയ്യുന്നവരായിരുന്നു അവർ. കീർത്തനങ്ങളും പ്രാർത്ഥനകളും നിർവ്വഹിക്കുന്നവരായിരുന്നു. അവരെ അപേക്ഷിച്ച് തങ്ങളുടെ നമസ്കാരവും മറ്റും വളരെ നിസ്സാരമാണെന്ന് ചില സ്വഹാബികൾപോലും കരുതിയിരുന്നു!. അത്രയ്ക്ക് ആരാധനാപ്രിയരായിരുന്നു അവർ. സ്വഹാബികളിൽ നിന്ന് 'ഇൽമ്' പഠിച്ചവരായിരുന്നു അവർ. എന്നിട്ടും ഇസ്ലാമിക ശരീഅത്തിനെതിരായ കാര്യം പ്രകടമായപ്പോൾ അവരുടെ *'ലാ ഇലാഹ ഇല്ലല്ലാഹ്'* അവർക്ക് പ്രയോജനപ്പെട്ടില്ല. അവരുടെ പ്രാർത്ഥനകളോ ആരാധനകളോ മുസ്‌ലിമാണെന്ന വാദമോ അവർക്ക് ഉപകരിച്ചില്ല.

❑ നബി(സ) യഹൂദികളോട് യുദ്ധം ചെയ്തതും സ്വഹാബികൾ ബനുഹനീഫക്കാരോട് പോരാടിയതും [7]ബനുമുസ്ത്വലഖുകാർ സകാത്തു നൽകാൻ വിസമ്മതിക്കുന്നുണ്ടെന്ന് കേട്ടപ്പോൾ നബി(സ) അവരോട് യുദ്ധം ചെയ്യാൻ ഉദ്ദേശിച്ചതുമെല്ലാം വ്യക്തമാക്കുന്നത് ഒരേ വസ്തുതയാണ്. അഥവാ -*'ലാഇലാഹ ഇല്ലല്ലാഹ്'* എന്നു പറഞ്ഞുകഴിഞ്ഞാൽ പിന്നെ എന്തുപ്രവർത്തിച്ചാലും കുഴപ്പമില്ലെന്നും അവൻ കാഫിറാവുകയില്ലെന്നുമുള്ള ധാരണ തെറ്റാണ്.

## 15

## ജീവിച്ചിരിക്കുന്നവരോട് (അവർക്ക് സാധിക്കുന്ന) സഹായം ആവശ്യപ്പെടുന്നതും മരിച്ചവരോട് സഹായം തേടുന്നതും തമ്മിലുള്ള വ്യത്യാസം.

ഒരു നബിവചനത്തിൽ ഇങ്ങനെ കാണാം: *"പരലോകത്ത് ജനങ്ങൾ ആദം നബിയോട് സഹായം തേടുന്നതാണ്. പിന്നെ നൂഹ് നബിയോട്. പിന്നെ ഇബ്റാഹീം നബിയോട്. പിന്നെ മൂസാനബിയോട്. പിന്നെ ഈസാനബിയോട്. അവരെല്ലാം കൈയൊഴിയുമ്പോൾ അവസാനം മുഹമ്മദ് നബി(സ)യുടെ അടുത്തുവന്നു അവർ സങ്കടം ബോധിപ്പിക്കുന്നതാണ്...."*

'അല്ലാഹുവല്ലാത്തവരോട് *ഇസ്തിഗാഥ* (അഭൗതിക സഹായം തേടുന്നത്) ശിർക്കല്ല' എന്നതിന്ന് തെളിവായി അജ്ഞന്മാരുന്നയിക്കുന്ന ഒരു 'ന്യായ'മാണിത്.

മറുപടി : *(ശത്രുക്കളുടെ ഹൃദയങ്ങളെ മുദ്രവെച്ച അല്ലാഹു എത്ര പരിശുദ്ധൻ!)* സൃഷ്ടികൾക്ക് ചെയ്യാൻ കഴിയുന്ന കാര്യത്തിൽ അവരോട് സഹായം തേടുന്നതിനെ നാം എതിർക്കുന്നില്ല. മൂസാനബി(അ)യുടെ ചരിത്രത്തിൽ ഖുർആൻ ഇങ്ങനെ ഉദ്ധരിക്കുന്നു:

﴿فاستغاثه الّذي من شيعته على الّذي من عدوّه.﴾

---

7) ബനുമുസ്ത്വലഖുകാർ സകാത് നൽകാൻ വിസമ്മതിക്കുന്നുവെന്ന വാർത്ത ശരിയായിരുന്നില്ല. സൂറതുൽ ഹുജുറാത്തിലെ 6-ാം വചനം ഇതുസംബന്ധമായി അവതരിച്ചതാണ്. -വിവ:

*"....തൽസമയം തൻെറ കക്ഷിയിൽ പെട്ടവൻ തൻെറ ശത്രുക്കളിൽ പെട്ടവനെതിരിൽ അദ്ദേഹത്തോട് സഹായം തേടി...."*

*(വി. ഖു. 28/15)*

യുദ്ധത്തിലും മറ്റും മനുഷ്യൻ തൻെറ കൂട്ടുകാരോട് അവർക്ക് സാധിക്കുന്ന തരത്തിലുള്ള സഹായം ആവശ്യപ്പെടാറുണ്ട്. അത്തരം സഹായത്തെയല്ല നാം വിമർശിക്കുന്നത്. ഔലിയാക്കളുടെ ശ്മശാനത്തിൽ ചെന്ന് നടത്തപ്പെടുന്ന ആരാധനാരൂപത്തിലുള്ള *ഇസ്തിഗാഥ*യെയും -അല്ലാഹുവിന്ന് മാത്രം കഴിയുന്ന കാര്യങ്ങളിൽ- അവരോട് (ഔലിയാക്കളോട്) മറഞ്ഞരീതിയിൽ സഹായം തേടുന്നതിനേയുമാണ്. അഥവാ-ഇബാദത്തിൻെറ അംശമായ സഹായാഭ്യർത്ഥനയെയാണ്.

അന്ത്യദിനത്തിൽ പ്രവാചകന്മാരോട് ജനങ്ങൾ ആവശ്യപ്പെടുന്നത് ജനങ്ങൾ മഹ്ശറയിൽ കിടന്ന് വിഷമിക്കുമ്പോൾ വിചാരണയ്ക്ക് വിളിക്കപ്പെടാൻവേണ്ടി അല്ലാഹുവിനോട് പ്രാർത്ഥിക്കാൻ വേണ്ടിയാണ്. ഇത്തരം അപേക്ഷകൾ ഇഹലോകത്തും പരലോകത്തുമൊക്കെ അനുവദിക്കപ്പെട്ടിരിക്കുന്നു. ജീവിച്ചിരിക്കുന്ന സജ്ജനങ്ങളിൽ പെട്ട ഒരാളുടെ അടുത്തുപോയി തനിക്കുവേണ്ടി പ്രാർത്ഥിക്കാൻ ആവശ്യപ്പെടാവുന്നതാണ്. നബി(സ)യുടെ ജീവിതകാലത്ത് നബി(സ)യുടെ അടുത്തുചെന്ന് സ്വഹാബികൾ ഇതുപോലെ അവശ്യപ്പെടാറുണ്ടായിരുന്നു. എന്നാൽ തിരുമേനിയുടെ മരണശേഷമോ?:

നബി(സ)യുടെ ഖബ്റിൻെറ അടുത്തു ചെന്നുകൊണ്ടോ നബി(സ)യെ അഭിസംബോധന ചെയ്തുകൊണ്ടോ സ്വഹാബികൾ പ്രാർത്ഥിച്ചിരുന്നില്ല. സജ്ജനങ്ങളായ പൂർവ്വികന്മാർ *(സലഫുസ്സ്വാലിഹീൻ) നബി(സ)യുടെ ഖബ്റിന്നരികിൽ നിന്നുകൊണ്ട് അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നതിനെത്തന്നെ എതിർത്തിരുന്നു.* എന്നിട്ടല്ലേ നബി(സ)യോട് നേരിട്ടുപ്രാർത്ഥിക്കുന്നത്?.

**?** ഇബ്റാഹീം നബി(അ)യെ തീയിലിട്ടപ്പോൾ ജിബ്രീൽ(അ) വന്ന് അദ്ദേഹത്തോട് *'വല്ല സഹായവും ആവശ്യമുണ്ടോ?'* എന്ന്

ചോദിച്ചില്ലേ?. അപ്പോൾ, *'താങ്കളുടെ യാതൊരു സഹായവും ആവശ്യമില്ല'* എന്നായിരുന്നു ഇബ്റാഹീം നബി(അ)യുടെ മറുപടി. *'ജിബ്രീലി(അ)നോട് സഹായം അഭ്യർത്ഥിക്കുന്നത് ശിർക്കായിരുന്നുവെങ്കിൽ അല്ലാഹു ജിബ്രീലി(അ)നെ ഇബ്റാഹീം നബി(അ)യുടെ മുമ്പിൽ പ്രദർശിപ്പിക്കുമായിരുന്നോ?.'* -ഇതാണ് അവർ ഉന്നയിക്കുന്ന മറ്റൊരു സന്ദേഹം.

മറുപടി: ഇതും മുമ്പ് പറഞ്ഞ ഇനത്തിൽ പെട്ട കാര്യമാണ്. ജിബ്രീലി(അ)നെ അല്ലാഹു ഇബ്റാഹീം നബി(അ)യുടെ മുമ്പിൽ പ്രദർശിപ്പിച്ചത്; ജിബ്രീലിന് ചെയ്യാൻ കഴിയുന്ന സഹായം ചെയ്യാൻ വേണ്ടിയാണ്. അല്ലാഹു ജിബ്രീലി(അ)നെപ്പറ്റി പറഞ്ഞത് നോക്കു: (شديد القوى) *"മഹാശക്തനാണദ്ദേഹം......"* *(വി. ഖു. 53/5)*

ഇബ്റാഹീം നബി(അ) നിലകൊണ്ട അഗ്നിയേയും അതിനു ചുറ്റുമുള്ള ഭൂമിയേയും പർവ്വതത്തേയുമെല്ലാം എടുത്ത് ഉദയഗിരിയിലോ അസ്തമനഗിരിയിലോ കൊണ്ടുപോയി ഇടാൻ അല്ലാഹു കല്പിച്ചിരുന്നെങ്കിൽ ജിബ്രീൽ(അ) അത് ചെയ്യുമായിരുന്നു. ഇബ്റാഹിം നബി(അ)യെ ആകാശത്തേക്ക് ഉയർത്താൻ അല്ലാഹു കൽപിച്ചിരുന്നെങ്കിൽ ജിബ്രീൽ(അ) അതും ചെയ്യുമായിരുന്നു. ഇതിന്നൊരുദാഹരണം പറയാം:

ധാരാളം സ്വത്തുള്ളൊരു ധനികൻ, ഒരു പാവപ്പെട്ട മനുഷ്യനെ കണ്ടപ്പോൾ അവൻെറ കടം വീട്ടിക്കൊടുക്കാമെന്നും മറ്റാവശ്യങ്ങൾ നിർവഹിച്ചുകൊടുക്കാമെന്നും വാഗ്ദാനം ചെയ്യുന്നു. അപ്പോൾ ആ ദരിദ്രൻ പറയുന്നു; 'എനിക്ക് മറ്റാരുടേയും ഔദാര്യം ആവശ്യമില്ല. ഞാൻ അല്ലാഹുവിൻെറ ഖജനാവിൽനിന്നുള്ള വിഭവവും പ്രതീക്ഷിച്ചിരിക്കുകയാണ്.' അതുവരെ ക്ഷമിക്കാമെന്ന് തിരുമാനിച്ചിരിക്കുകയാണ്. അതുപോലെയാണിത്.

❑ സൃഷ്ടികൾക്ക് സാധിക്കുന്ന സഹായം അവരോട് ആവശ്യപ്പെടുന്നതും അല്ലാഹുവിന് മാത്രം സാധിക്കുന്ന കാര്യങ്ങൾ മറ്റുള്ളവരോട് ആവശ്യപ്പെട്ടുകൊണ്ട് അല്ലാഹുവിൽ പങ്കുചേർക്കുന്നതും തമ്മിൽ എന്തുബന്ധമാണുള്ളത്?.

## 16

## നാവുകൊണ്ടും മനസ്സുകൊണ്ടും മാത്രമല്ല; മുഴുവൻ അവയവങ്ങൾ കൊണ്ടും തൗഹീദ് അംഗീകരിക്കേണ്ടതുണ്ട്.

വളരെയേറെയാളുകൾ തെറ്റിദ്ധാരണയിലകപ്പെട്ട സുപ്രധാനമായൊരു വിഷയത്തെക്കുറിച്ച് വിശകലനം ചെയ്തുകൊണ്ട് ഈ ചർച്ച ഇവിടെ അവസാനിപ്പിക്കുകയാണ്. *(ഇതേകുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്).*

*'മനസ്സിന്റെ അംഗീകാരം, നാവിന്റെ പ്രഖ്യാപനം, കർമ്മങ്ങൾകൊണ്ടുള്ള സത്യപ്പെടുത്തൽ'* എന്നീ മൂന്ന് ഘടകങ്ങളുൾക്കൊണ്ടതാണ് തൗഹീദ്. ഇതിൽ നിന്ന് ഏതെങ്കിലുമൊന്ന് ഇല്ലാതായാൽ അവൻ മുസ്ലിമാവുകയില്ല. അഭിപ്രായാന്തരമില്ലാത്ത കാര്യമാണിത്.

*'തൗഹീദ്'* എന്താണെന്ന് മനസ്സിലാക്കിയിട്ടും അതനുസരിച്ച് പ്രവർത്തിക്കാത്തവൻ ഫിർഔൻ, ഇബ്‌ലീസ് മുതലായവരെപ്പോലെ ധിക്കാരിയായ കാഫിറാണ്. ഇക്കാര്യത്തിൽ പലർക്കും തെറ്റുപിണയുന്നു. 'ഇത് സത്യമാണെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു; സമ്മതിക്കുന്നു; സാക്ഷ്യപ്പെടുത്തുന്നു; പക്ഷേ, അതനുസരിച്ച് പ്രവർത്തിക്കാൻ ഞങ്ങൾക്ക് കഴിയുന്നില്ല. നമ്മുടെ നാട്ടുകാർക്കിടയിൽ അങ്ങനെ പ്രവർത്തിക്കാൻ പറ്റില്ല...!.' എന്നിങ്ങനെ പല പ്രതിബന്ധങ്ങളും അവരുന്നയിക്കുന്നു.

● എന്നാൽ, സത്യനിഷേധികളിൽ ഭൂരിഭാഗം നേതാക്കളും സത്യം മനസ്സിലാക്കുന്നവരാണെന്നും പക്ഷേ, അവർ ആ സത്യമനുസരിച്ച് പ്രവർത്തിക്കാത്തത് ഇത്തരത്തിലുള്ള എന്തെങ്കിലും പ്രതിബന്ധങ്ങൾ കൊണ്ടുതന്നെയാണെന്നുമുള്ള കാര്യം ഈ സാധുക്കൾ മനസ്സിലാക്കുന്നില്ല!.

﴿اشتروا بآيات الله ثمنا قليلا.﴾

*"അവർ അല്ലാഹുവിന്റെ വചനങ്ങൾക്കു പകരം തുച്ഛമായ*

*വില വാങ്ങിയിരിക്കുകയാണ്."* *(വി. ഖു. 9/9)*

﴿يعرفونه كما يعرفون أبناءهم...﴾

*"നാം ഗ്രന്ഥം നൽകിയിട്ടുള്ളവർ (ജൂത-ക്രൈസ്തവർ) തങ്ങളുടെ സ്വന്തം സന്താനങ്ങളെ അറിയുന്നതുപോലെ (വളരെ വ്യക്തമായി) നബിതിരുമേനിയെ അറിയുന്നുണ്ട്......"* *(വി. ഖു. 2/146)*

* * *

തൗഹീദിൻെറ ആശയമെന്തെന്ന് മനസ്സിലാക്കാതെയോ മനസ്സുകൊണ്ട് വിശ്വസിക്കാതെയോ ചില ബാഹ്യപ്രകടനങ്ങൾ കാഴ്ചവെക്കുന്നവൻ കപടവിശ്വാസിയാണ്. 'ശുദ്ധകാഫിറി'നേക്കാൾ മോശപ്പെട്ടവനാണവൻ. അല്ലാഹു പറയുന്നത് നോക്കൂ:

﴿إنَّ المنافقين في الدَّرك الأسفل من النَّار.﴾

*"നിശ്ചയം, കപടവിശ്വാസികൾ നരകത്തിൻെറ ഏറ്റവും അടിത്തട്ടിലാകുന്നു."* *(വി. ഖു. 4/145)*

• ദീർഘവും ഗഹനവുമായൊരു വിഷയമാണിത്. സത്യം മനസ്സിലാക്കിയ ചില ആളുകൾ തന്നെ ഐഹികമായ നഷ്ടം ഭയന്നുകൊണ്ടോ സ്വന്തം പേര് മോശമാവുമെന്ന് പേടിച്ചുകൊണ്ടോ മറ്റാരുടേയെങ്കിലും വലയിലകപ്പെട്ടുകൊണ്ടോ ആ സത്യമനുസരിച്ചു പ്രവർത്തിക്കാൻ തയ്യാറാവാതെ തിരിഞ്ഞുകളയുന്നത് കാണാം.

ആന്തരികതലത്തിൽ ഒന്നുമില്ലാതെ ചില ബാഹ്യപ്രകടനങ്ങൾ കാഴ്ചവെക്കുന്ന ചിലരെ കാണാം. അവരോട് അവരുടെ മനസ്സിലെ വിശ്വാസത്തെക്കുറിച്ച് ചോദിച്ചാലറിയാം; അവർക്കൊന്നുമറിയില്ലെന്ന്!. വിശുദ്ധ ഖുർആനിലെ രണ്ട് സൂക്തങ്ങൾ പ്രത്യേകം ഓർക്കേണ്ടതുണ്ട്:

ഒന്ന്: ﴿لا تعتذروا قد كفرتم بعد ايمانكم﴾

*"നിങ്ങൾ യാതൊരു പ്രതിബന്ധവും ബോധിപ്പിക്കേണ്ട. നിങ്ങളുടെ വിശ്വാസത്തിനുശേഷം നിങ്ങൾ അവിശ്വാസികളായിരിക്കുന്നു....."* *(വി. ഖു. 9/66)*

റസൂൽ(സ)യോടൊപ്പം റോമക്കാർക്കെതിരെ പോരാടിയ ചില സ്വഹാബികൾ തമാശയായി ചില വാക്കുകൾ പറഞ്ഞതിൻെറ പേരിലാണ് കാഫിറായിപ്പോയത്. എങ്കിൽ ധനലോപവും പേരുദോഷവും ഭയന്നുകൊണ്ട് -അതല്ലെങ്കിൽ-മറ്റാരുടെയെങ്കിലും വലയിൽ അകപ്പെട്ടുകൊണ്ട് - കുഫ്‌റി(സത്യനിഷേധത്തി)ൻെറ വചനം ഉരുവിടുന്നതും അതനുസരിച്ച് പ്രവർത്തിക്കുന്നതും അതിനേക്കാൾ എത്രയോ ഗുരുതരമാണ്. [8]

സൂറതുന്നഹ്‌ലിലേതാണ് മറ്റൊരു സൂക്തം:

﴿من كفر بالله من بعد إيمانه الاّ من أكره وقلبه مطمئن بالايمان.......﴾

*"വിശ്വസിച്ചതിനുശേഷം ആരെങ്കിലും അല്ലാഹുവിൽ അവിശ്വാസിയായിത്തീർന്നുവോ -മനസ്സിൽ സത്യവിശ്വാസം ഉറപ്പിച്ചുകഴിയുന്ന നിർബന്ധപീഡനത്തിനു വിധേയമായവനൊഴികെ- ഹൃദയം തുറന്നു അവിശ്വാസം സ്വീകരിച്ചവന് അല്ലാഹുവിങ്കൽ നിന്നുള്ള കോപമുണ്ടായിരിക്കും. വമ്പിച്ച ശിക്ഷയും അവർക്കുണ്ടായിരിക്കും. അതെന്തുകൊണ്ടെന്നാൽ പരലോക ജീവിതത്തേക്കാൾ കൂടുതൽ ഇഹലോകജീവിതത്തെ അവർ ഇഷ്ടപ്പെട്ടിരിക്കുന്നു......"*

*(വി. ഖു. 16/106, 107)*

**മനസ്സിൽ വിശ്വാസമുറപ്പിച്ചുകൊണ്ടിരിക്കെ നിർബന്ധപീഡനത്തിനിരയായവനൊഴികെ ആർക്കും അല്ലാഹു ഒരു വിടുതിയും നൽകിയിട്ടില്ലെന്നാണ് ഇത് വ്യക്തമാക്കുന്നത്. ഭയം മൂലമോ, വല്ലവനേയും തൃപ്തിപ്പെടുത്താൻ വേണ്ടിയോ ഭാര്യാ-സന്തതികളോടോ ദേശത്തോടോ സ്വത്തിനോടോ ഉള്ള സ്നേഹം മൂലമോ കളിയായോ തമാശയായോ കുഫ്‌റിൻെറ വല്ല വചനവും ഉരുവിടുകയോ വല്ല കാര്യവും പ്രവർത്തിക്കുകയോ ചെയ്താൽ അവൻ 'കാഫിറാ'ണ്. അവന്ന് യാതൊരുവിധ ഒഴിവുകഴിവും അല്ലാഹു നൽകിയിട്ടില്ല.**

8) രാഷ്ട്രീയമോ ഭൗതികമോ ആയ സ്ഥാനമാനങ്ങൾക്കുവേണ്ടി കാഫിറുകളുടെ (സത്യനിഷേധികളുടെ) ആചാരാനുഷ്ഠാനങ്ങളും ചടങ്ങുകളും സ്വീകരിക്കുന്നവർ ഇത്തരം കാര്യങ്ങൾ ഗൗരവപൂർവ്വം കണക്കിലെടുക്കേണ്ടതുണ്ട്. -വിവ:

സുറതുന്നഹ്‌ലിലെ ഉദ്ധൃതവചനം രണ്ടുവിധത്തിൽ നമുക്ക് കാര്യം മനസ്സിലാക്കിത്തരുന്നുണ്ട്:

(1) പീഡിപ്പിക്കപ്പെട്ടവനെ മാത്രമേ അല്ലാഹു ഒഴിവാക്കിയിട്ടുള്ളു എന്നാണ് إلا من أكره എന്നു പറഞ്ഞതിൽ നിന്ന് നാം മനസ്സിലാക്കേണ്ടത്. പീഡനം കൊണ്ട് മനുഷ്യൻെറ സംസാരത്തിലോ പ്രവൃത്തിയിലോ മാത്രമേ സ്വാധീനം ചെലുത്താൻ കഴിയൂ. മനസ്സിലെ വിശ്വാസത്തിന് പോറലേൽപ്പിക്കാൻ അതുകൊണ്ടാവില്ല.

(2) വിശ്വാസം കാരണമായോ അജ്ഞത മൂലമോ മതവിരോധം മൂലമോ കുഫ്‌റിനോടുള്ള സ്നേഹം മൂലമോ വന്നുചേർന്നതല്ല ഇവിടെപ്പറഞ്ഞ കുഫ്‌റ് (സത്യനിഷേധം). പിന്നെയോ?.

(ذلك بأنهم استحبوا الحياة الدنيا على الآخرة)

*'അവർക്ക് അതിൽ ചില ഐഹികനേട്ടങ്ങൾ കിട്ടാനുണ്ട്. ആ ഐഹികനേട്ടത്തിന് പരലോകത്തേക്കാൾ അവർ പ്രാധാന്യം നൽകി'* എന്നതാണ് അതിൻെറ കാരണം!.

*(الله أعلم)*